സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണവും വകുപ്പു മന്ത്രി (ശ്രീ. സി.എൻ. ബാലകൃഷ്ണൻ): സർ, സഹകരണ വകുപ്പിനെ സംബന്ധിച്ച് ഭരണപക്ഷത്തുനിന്നും പ്രതിപക്ഷത്തുനിന്നും ചില ശ്രദ്ധേയ മായ നിർദ്ദേശങ്ങളും അതുപോലെതന്നെ എതിർപ്പുകളും ഉണ്ടായി. അവ വളരെ സൗമ്യതയോടുകൂടി സ്വീകരിക്കുന്നു. 2011-ൽ നടന്ന ചില കാര്യങ്ങൾ സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. അതിനുശേഷം ചെയ്യാൻ പോകുന്ന കാര്യങ്ങളും സഭയുടെ ശ്രദ്ധയിൽപ്പെടു ത്തുന്നതാണ്. 'ആശ്വാസ് 2011' അതൊരു കുടിശ്ശിക നിവാരണ പദ്ധതിയാണ്. സഹകരണ സംഘങ്ങൾ/ബാങ്കുകൾ വായ്പാ കുടിശ്ശിക കുറയ്ക്കുന്നതിനും വായ്പകൾക്കും കുടിശ്ശിക വായ്പകൾക്കും ഇളവ് അനുവദിക്കുന്നതിനു മായി നടപ്പിലാക്കിയ 'ആശ്വാസ് 2011' എന്ന പദ്ധതി പ്രകാരം കുടിശ്ശികയിന ത്തിൽ 1007 കോടി രൂപ പിരിച്ചെടുക്കാനും 73.13 കോടി രൂപയുടെ ആനു കൂല്യം വായ്പക്കാർക്ക് നൽകുവാനും കഴിഞ്ഞു.

നിക്ഷേപ രംഗത്തെ ഉണർവ്:- 2011 നവംബർ മാസത്തിൽ നടത്തിയ നിക്ഷേപ സമാഹരണത്തിലൂടെയുള്ള ലക്ഷ്യം 3,500 കോടി രൂപയായിരു ന്നുവെങ്കിലും 4,425 കോടി രൂപ സമാഹരിച്ചു. മുൻ ഗവൺമെന്റിന്റെ കാലാ വധി അവസാനിക്കുമ്പോൾ 68,450 കോടി രൂപയുണ്ടായിരുന്ന നിക്ഷേപം ഇപ്പോൾ 84,875 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്.

നിക്ഷേപങ്ങൾക്ക് സുരക്ഷ:- വായ്പാ സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പാക്കിക്കൊണ്ട് കേരള സഹകരണ ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീം ആവിഷ്ക്കരിച്ചു. ഒരു ലക്ഷം രൂപ വരെയുള്ള നിക്ഷേപത്തിനാണ് ഗ്യാരന്റി നൽകുന്നത്. ഈ പദ്ധതി നടപ്പാക്കുന്നതിന്

നിക്ഷേപ സുരക്ഷാ ബോർഡും രൂപീകരിച്ചു. ഇതിന് പ്രധാന കാരണം നമ്മുടെ സംസ്ഥാനത്തെ 37 വായ്പാ സഹകരണ സംഘങ്ങൾ ഡെപ്പോസിറ്റ് ഇനത്തിൽ വാങ്ങിയ 28 കോടി രൂപയോളം കൊടുക്കാനുണ്ട്, കൂടാതെ 40 വായ്പേതര സംഘങ്ങൾ 19 കോടി രൂപ, അങ്ങനെ 47 കോടി രൂപ പാവപ്പെട്ട നിക്ഷേപകർക്ക് കൊടുക്കാൻ ബാക്കി നില്ക്കുകയാണ്. ആ സന്ദർഭത്തിലാണ് ഇങ്ങനെയൊരു നിക്ഷേപ സുരക്ഷാ പദ്ധതി ഗവൺമെന്റ് ആവിഷ്ക്കരിച്ചത്. തീർച്ചയായും ഈ നിക്ഷേപങ്ങൾ മടക്കിക്കൊടുക്കണമെന്നാണ് ഗവൺമെന്റിന്റെ ആഗ്രഹം.

അശരണർക്ക് ആശ്വാസം:- സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ശാരീരിക വൈകല്യമുള്ള വ്യക്തികൾക്ക് മൂന്ന് ശതമാനം പ്രാതിനിധ്യം ഉറപ്പുവരുത്തി. സഹകരണ സംഘങ്ങളിലെ മൂന്ന് സെന്റും അതിന് മുകളിലും വസ്തു കൈവശമുള്ള അംഗങ്ങൾക്ക് വസ്തു ജാമ്യത്തിൽ വായ്പ അനുവദിക്കുന്ന ഉത്തരവ് പുറപ്പെടുവിച്ചു. സഹകരണ സംഘങ്ങളിൽ നിന്നും മത്സ്യ തൊഴിലാളികൾ എടുത്തിട്ടുള്ള വായ്പകളിൻമേലുള്ള ജപ്തി നടപടികൾ 31-3-2012-ൽ നിറുത്തി വച്ച് ഉത്തരവ് പുറപ്പെടുവിച്ചു.

സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിൽ നിക്ഷേപം കണ്ടെത്തൽ:- കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് ഇതുവരെ പൊതുജനങ്ങളിൽ നിന്നും നിക്ഷേപ സമാഹരണം നടത്തുന്നതിന് അനുമതി നൽകി, പദ്ധതി നടപ്പിൽ വരുത്തി.

കുറഞ്ഞ നിരക്കിൽ നിത്യോപയോഗ സാധനങ്ങൾ:- കൺസ്യൂമർഫെഡ് മുഖേന നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് ജനങ്ങൾക്ക് ലഭിക്കുന്നതിനായി ഓണം, റംസാൻ കാലത്ത് 5,132 വിപണന കേന്ദ്രങ്ങൾ തുടങ്ങി. ബക്രീദ് സമയത്ത് 265-ഉം ക്രിസ്തുമസ് കാലത്ത് 3,415

-ഉം 335 പച്ചക്കറി വിപണന കേന്ദ്രങ്ങളും ഈസ്റ്റർ, വിഷു സമയത്ത് 3251-ഉം ഉൾപ്പെടെ ആകെ 12,399 സഹകരണ വിപണന കേന്ദ്രങ്ങൾ നടത്തിയിട്ടുണ്ട്. 'നന്മ' പദ്ധതിയിൽ 1461 വിപണന കേന്ദ്രങ്ങൾ തുടങ്ങിക്കഴിഞ്ഞു. ഇതോടൊപ്പം 35 ത്രിവേണി സ്റ്റോറുകൾ, ഏഴ് ഫ്ളോട്ടിംഗ് ത്രിവേണികൾ, 101 നീതി മെഡിക്കൽ സ്റ്റോറുകൾ, 59 സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ (കഴിഞ്ഞ കൊല്ലത്തെ 8 എണ്ണവും ഇപ്പോഴത്തെ 51 എണ്ണവും) എന്നിവയും പ്രവർത്തനം ആരംഭിച്ചു. ത്രിവേണി വഴി മിനറൽ വാട്ടർ വിപണിയിലെത്തിക്കുവാനും കഴിഞ്ഞു.

സഹകരണം, ടൂറിസം രംഗം:- ദൈവത്തിന്റെ സ്വന്തം നാട്ടിൽ ടൂറിസം വികസിപ്പിക്കുന്നതിന് 'ടൂർഫെഡ്' എന്ന അപ്പെക്സ് സ്ഥാപനം രജിസ്റ്റർ ചെയ്തു. ടൂറിസം പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിന് സംഘങ്ങൾക്ക് സബ്സിഡിക്ക് പുറമേ ഓഹരിയും അനുവദിച്ചു.

പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് കൂടുതൽ വികസന പദ്ധതികൾ: -കേപ്-ന്റെ ആഭിമുഖ്യത്തിൽ പത്തനാപുരം എഞ്ചിനീയറിംഗ് കോളേജിൽ 2011-12 അദ്ധ്യയന വർഷത്തിൽ ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ, കമ്പ്യൂട്ടർ സയൻസ്, ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ്, സിവിൽ എഞ്ചിനീയറിംഗ് എന്നീ കോഴ്സുകൾ ആരംഭിച്ചു. കൂടാതെ കേപ്-ന്റെ കീഴിലുള്ള അഞ്ച് എഞ്ചിനീയറിംഗ് കോളേജിൽ കേന്ദ്ര സർക്കാരിന്റെ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം അനുവദിച്ചു. പെരുമൺ എഞ്ചിനീയറിംഗ് കോളേജിൽ എം.ടെക്. കോഴ്സും ആരംഭിച്ചു. പരിയാരം മെഡിക്കൽ കോളേജിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നെഫ്രോളജി ആന്റ് യൂറോളജിക്കൽ സയൻസ് സ്ഥാപിക്കുന്നതിനായി രണ്ടു കോടി രൂപ അനുവദിച്ചു.

സഹകാരികൾക്കും സഹകരണ ജീവനക്കാർക്കും കരുതൽ:- സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങളുടെ ഭാരവാഹികൾ, ജീവനക്കാർ, കമ്മീഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന നിക്ഷേപക പിരിവുകാർ, അശരണരായ സഹകാരികൾ, അംഗവൈകല്യം/മാനസിക വൈകല്യം ബാധിച്ച കുട്ടികളുള്ള സഹകരണ സംഘം ജീവനക്കാർ എന്നിവർക്ക് വിവിധ കാലയളവുകളിലായി ധനസഹായ പദ്ധതികൾ, വേതന വർദ്ധനവ്, ജോലി സംരക്ഷണം എന്നിവ നടപ്പിലാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു. സാഹിത്യ രംഗത്ത് നേട്ടം:- സാഹിത്യ പ്രവർത്തക സഹകരണ സംഘം കഴിഞ്ഞ ഒരു വർഷക്കാലയളവിൽ 300 പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയുണ്ടായി.

വിവിധ പഠന സമിതികൾ:- സംസ്ഥാനത്തെ ത്രിതല വായ്പാ സംവിധാനത്തിന്റെ പ്രവർത്തനം, ഘടന, ജനറൽ മാർക്കറ്റിംഗ്, റബ്ബർ മാർക്കറ്റിംഗ് സർവ്വീസ് സഹകരണ സംഘങ്ങളുടെ പ്രവർത്തനം, പട്ടികജാതി/പട്ടിക വർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനം എന്നീ വിഷയങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് വിവിധ പഠന സമിതികൾ രൂപീകരിച്ചു.

ഓഡിറ്റ് ഒബ്ജക്ഷനുകൾ നീക്കം ചെയ്യുന്നതിനുള്ള തീവ്രയജ്ഞ പരിപാടി- സഹകരണ സ്ഥാപനങ്ങളിലെ ആഡിറ്റിൽ തെളിഞ്ഞിട്ടുള്ളതും ദീർഘകാലമായി ഈടാക്കാതെയും കൊടുത്തു തീർക്കാതെയും നിലനിൽക്കുന്ന തുകകൾ ആഡിറ്റ് സർട്ടിഫിക്കറ്റുകളിൽ നിന്ന് നീക്കം ചെയ്ത് സംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് 'ഉണർവ്-2012' എന്ന തീവ്രയജ്ഞ പരിപാടി ആവിഷ്ക്കരിച്ചു.

ജില്ലാ സഹകരണ ബാങ്കുകൾക്ക് ലൈസൻസ്:- ബാങ്കിംഗ് റഗുലേഷൻ ആക്ട് പ്രകാരം റിസർവ് ബാങ്കിന്റെ പ്രത്യേക ലൈസൻസ് ലഭിക്കേണ്ടിയിരുന്ന തിരുവനന്തപുരം, കോഴിക്കോട് ജില്ലാ സഹകരണ ബാങ്കുകൾക്ക് - ഈ സഭയിൽ തന്നെ സംസാരിച്ചിട്ടുള്ള കാര്യമാണത്, ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമായി നടപ്പാക്കിയതുവഴി ലൈസൻസ് ലഭ്യമാക്കാൻ കഴിഞ്ഞത് വായ്പാ മേഖലയിൽ ഉണർവുണ്ടാക്കിയിട്ടുണ്ട്. കേരള സംസ്ഥാന സഹകരണ ബാങ്ക്, ബാങ്കിംഗ് റഗുലേഷൻ ആക്ടിലെ വകുപ്പ് 11(1) (1) ലെ നിയന്ത്രണത്തെ അതിജീവിക്കാൻ പര്യാപ്തമായ സാമ്പത്തിക സ്ഥിതി കൈവരിച്ചതും മികച്ച നേട്ടമാണ്.

2011-12 വാർഷിക പദ്ധതി പുരോഗതികളും നേട്ടവും:- സഹകരണ ബാങ്ക് 2011-12 ലെ വാർഷിക പദ്ധതി നടത്തിപ്പിൽ സംസ്ഥാന പദ്ധതിയിൽ 97.7 ശതമാനവും എൻ.സി.ഡി.സി. പദ്ധതിയിൽ 97.51 ശതമാനവും ചെലവഴിച്ച് വൻപുരോഗതി കൈവരിച്ചിട്ടുണ്ട്. ഇത് വകുപ്പിന്റെ പദ്ധതി നടത്തിപ്പിലെ സർവ്വകാല റെക്കോർഡാണ്.

കേരള റിസ്ക് ഫണ്ട് പദ്ധതി:- കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് നടപ്പാക്കി വരുന്ന റിസ്ക് ഫണ്ട് പദ്ധതിയിൽ ഭേദഗതി വരുത്തുകയുണ്ടായി. പ്രസ്തുത പദ്ധതിയനുസരിച്ച് മരണപ്പെടുന്ന വായ്പക്കാരന്റെ എഴുതിത്തള്ളുന്ന വായ്പയുടെ പരിധി നിലവിലുള്ള ഒരു ലക്ഷത്തിൽ നിന്നും ഒന്നര ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും വായ്പാ കാലാവധിക്കുശേഷം മരണപ്പെടുന്നവർക്കും പ്രസ്തുത ആനുകൂല്യം ബാധകമാക്കുകയും പരാലിസിസ്, ക്യാൻസർ, വൃക്ക സംബന്ധമായ രോഗങ്ങൾ എന്നിവമൂലം ശയ്യാവലംബരായവരുടെ വായ്പകൾ 75,000 രൂപ വരെ എഴുതിത്തള്ളുന്നതിനും വ്യവസ്ഥ ചെയ്യുകയുണ്ടായി.

എന്റെ സംഘം ക്യാമ്പയിൻ:- സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ ഊർജ്ജസ്വലമാക്കുന്നതിനും സംഘത്തിലെ ഓരോ അംഗത്തെയും അവർ അംഗങ്ങളായ സംഘത്തിലെ പ്രവർത്തനങ്ങളിൽ സജീവ പങ്കാളികളാക്കുന്നതിനും ഉദ്ദേശിച്ച് 'എന്റെ സംഘം' എന്ന പ്രത്യേക ക്യാമ്പയിൻ 2012 ഏപ്രിൽ 14 മുതൽ ആഗസ്റ്റ് 14 വരെ നടപ്പിലാക്കി വരുന്നു.

വിവിധ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചു:- സഹകരണ സംഘം ജീവനക്കാർ, പെൻഷൻകാർ, നിത്യനിധി പിരിവുകാർ, അപ്രൈസർമാർ, അശരണരായ സഹകാരികൾ, സഹകരണ സംഘം ഭാരവാഹികൾ തുടങ്ങി സഹകരണ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മുഴുവൻ വിഭാഗത്തിന്റെയും ശമ്പളം, പെൻഷൻ, കമ്മീഷൻ, ഓണറേറിയം, ബത്തകൾ എന്നീ സാമ്പത്തിക കാര്യങ്ങളിൽ കാലോചിതമായ വർദ്ധനവു വരുത്തി.

നടപ്പാക്കാൻ പോകുന്ന പദ്ധതികളെ സംബന്ധിച്ച്- സംസ്ഥാനത്തിലെ 3500-ലധികം വരുന്ന സ്കൂൾ/കോളേജ് സഹകരണ സംഘങ്ങൾ വിദ്യാർത്ഥികൾക്ക് കൂടുതൽ പ്രയോജനകരമാകുംവിധം പുന:സംഘടിപ്പിക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് ഒരു പദ്ധതി ആവിഷ്ക്കരിക്കുന്നതാണ്. സ്കൂൾ വിദ്യാർത്ഥികളിൽ സമ്പാദ്യശീലം വളർത്തുന്നതിനായി സർവ്വീസ് സഹകരണ ബാങ്കുകളിലും ജില്ലാ സഹകരണ ബാങ്കുകളിലും സ്കൂൾ സഹകരണ സംഘങ്ങൾ മുഖേന ചെറു സമ്പാദ്യ പദ്ധതി നടപ്പിലാക്കും. കേരളത്തിലെ എല്ലാത്തരം സഹകരണ സംഘങ്ങളുടേയും ഭരണസമിതി അംഗങ്ങൾക്കും പരിശീലനം നൽകുന്ന പദ്ധതി നടപ്പിലാക്കുക വഴി ഒരു ലക്ഷത്തോളം വരുന്ന ഭരണസമിതി അംഗങ്ങൾക്ക് സംഘം മാനേജ്മെന്റ് സംബന്ധിച്ച് സമഗ്ര പരിശീലനമാണ് ഉദ്ദേശിക്കുന്നത്. സഹകരണ

മേഖലയെ ശക്തിപ്പെടുത്താൻ ഈ പരിശീലന പരിപാടി മുഖേന കഴിയും. എല്ലാ ഹ്രസ്വകാല കാർഷിക വായ്പകളും 2012-13 വർഷം മുതൽ പലിശ രഹിത വായ്പയായി നൽകും. ഓണം, റംസാൻ, വിഷു എന്നിവയോടനുബ ന്ധിച്ച് 25000-ഓളം ഉൽസവകാല ചന്തകൾ സഹകരണ മേഖലയിൽ ആരംഭി ക്കും. വീട്ടുമുറ്റത്തൊരു ത്രിവേണി പദ്ധതിയുടെ ഭാഗമായി എല്ലാ നിയോജക മണ്ഡലങ്ങളിലും കുറഞ്ഞത് ഒരു സഞ്ചരിക്കുന്ന ത്രിവേണി ആരംഭിക്കും. ഈ പദ്ധതിയുടെ ഭാഗമായി മലബാർ പ്രദേശത്ത് 3 ഒഴുകുന്ന ത്രിവേണി സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കും. 100 നീതി മെഡിക്കൽ സ്റ്റോറുകൾ കൺസ്യൂമർ ഫെഡ് നേരിട്ടും സഹകരണ സംഘങ്ങൾ മുഖേന 400 പഞ്ചാ യത്തുകളിൽ നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിക്കും. കൺസ്യൂ മർഫെഡിന്റെ ആഭിമുഖ്യത്തിൽ പാലക്കാടും കണ്ണൂരും രണ്ട് മെഡിക്കൽ വെയർഹൗസുകൾ ആരംഭിക്കും. 10 നീതി ഗോഡൗണുകൾ, 20 ത്രിവേണി ഗോഡൗണുകൾ, 30 നന്മാ പായ്ക്കിംഗ് സെന്ററുകൾ എന്നിങ്ങനെ 60 ഗോഡൗണുകൾ പുതുതായി ആരംഭിക്കും. കൺസ്യൂമർ ഫെഡിന്റെ ആഭി മുഖ്യത്തിൽ പ്രതിദിനം 30,000 ലിറ്റർ ശേഷിയുള്ള മിനറൽ വാട്ടർ പ്ലാന്റ് സ്ഥാപിക്കും. കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ സ്വയം സഹായ സം ഘങ്ങളുമായി ചേർന്ന് ഗൃഹശ്രീ എന്ന പേരിൽ ഡോർ ഡെലിവറി സംവി ധാനം, ത്രിവേണി സൂപ്പർ മാർക്കറ്റുകൾ കേന്ദ്രീകരിച്ച് നടപ്പിൽ വരുത്തും. തൃശ്ശൂരിൽ ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസി(TIP) കോളേജ് ഈ അദ്ധ്യയനവർഷം തന്നെ ആരംഭിക്കും. ഇടുക്കി ജില്ലാ പഞ്ചായത്ത് സൗജന്യ മായി നൽകുന്ന 5 ഏക്കർ സ്ഥലത്ത് കൺസ്യൂമർ ഫെഡിന്റെ നേതൃത്വ ത്തിൽ ത്രിവേണി റീട്ടെയിൽ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (TIRMA) സ്ഥാപിക്കു

വാനുള്ള നടപടികൾ പൂർത്തിയാക്കും. തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരിയിലും എറണാകുളത്ത് പൂക്കാട്ടുപടിയിലും കണ്ണൂർ ജില്ലയിലെ മാത്തിലും ശീതീകരിച്ച ഗോഡൗണുകളുടെ നിർമ്മാണ പ്രവർത്തനമാരംഭിക്കും. തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരിയിൽ പഞ്ചായത്ത് സൗജന്യമായി നൽകിയ 2 ഏക്കർ സ്ഥലത്ത് കൺസ്യൂമർഫെഡിന്റെ "ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് പ്രോസസ്സിംഗ്" ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും കൺസ്യൂമർ ഫെഡിന്റെ ആഭിമുഖ്യത്തിൽ കുറഞ്ഞ ചെലവിൽ പരിശോധന നടത്തുന്ന ശുശ്രൂഷാ-ക്ലിനിക്കൽ ലബോറട്ടറികൾ ആരംഭിക്കും. എറണാകുളത്ത് പൂക്കാട്ടുപടിയിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സാമൂഹ്യക്ഷേമ വകുപ്പുകളുടെ സഹായത്തോടെ കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ ഒരു വർക്കിംഗ് വിമൻസ് ഹോസ്റ്റൽ ആരംഭിക്കും. ടൂറിസ്റ്റ് കേന്ദ്രങ്ങളിലും തീർത്ഥാടന കേന്ദ്രങ്ങളിലും കുറഞ്ഞ ചെലവിൽ താമസസൗകര്യം നൽകുന്ന ത്രിവേണി ഗസ്റ്റ് ഹൗസുകൾ ആരംഭിക്കും. കണ്ണൂർ ജില്ലയിലെ മാത്തിൽ ഒരു വെളിച്ചെണ്ണ നിർമ്മാണ പ്ലാന്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ കൺസ്യൂമർ ഫെഡ് സ്വീകരിക്കുന്നതാണ്. ത്രിവേണി സ്റ്റോറുകൾ, നീതി സ്റ്റോറുകൾ തുടങ്ങി സഹകരണ മേഖലയിലെ സ്ഥാപനങ്ങളിൽ പ്ലാസ്റ്റിക് ഉപയോഗം പരമാവധി കുറയ്ക്കുകയും പേപ്പർ ബാഗുകൾ, തുണി സഞ്ചികൾ എന്നിവയുടെ ഉപയോഗം വർദ്ധിപ്പിക്കുകയും ചെയ്യും. ഇതിനാവശ്യമായ പേപ്പർ ബാഗുകൾ, തുണി സഞ്ചികൾ എന്നിവ സഹകരണ മേഖലയിലെ സ്വയംസഹായ ഗ്രൂപ്പുകൾ മുഖേന ഉൽപ്പാദിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കും. കൊല്ലം ജില്ലയിലെ ചക്കുവള്ളിയിൽ കൺസ്യൂമർഫെഡിന്റെ കീഴിൽ ഗോതമ്പ്

നുറുക്ക് ഫാക്ടറി 2 മാസത്തിനുളളിൽ പ്രവർത്തനം ആരംഭിക്കുന്നതാണ്. സഹകരണമേഖലയിലെ പുരോഗതി അവലോകനത്തിനും പുത്തൻ നയരൂപീകരണത്തിനുമായി 7-ാം സഹകരണ കോൺഗ്രസ് സംഘടിപ്പിക്കും. അന്താരാഷ്ട്ര സഹകരണ എക്സിബിഷൻ സംഘടിപ്പിക്കും. 2012 ജൂലൈ 1 മുതൽ സഹകരണ വായ്പാ മേഖലയിൽ കുടിശ്ശിക നിർമ്മാർജ്ജനത്തിനായി "ആശ്വാസ് 2012" പദ്ധതി നടപ്പിലാക്കും. സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് ആശ്വാസം നൽകുന്നതിനായി സർക്കാരിൽ, സഹകരണ വകുപ്പു മന്ത്രിയുടെ കീഴിൽ ഒരു "ആശ്വാസ നിധി" രൂപീകരിക്കും. ഭരണഘടനാ ഭേദഗതിക്ക് അനുസൃതമായി കേരള സഹകരണ സംഘം നിയമത്തിൽ സമഗ്രമായ ഭേദഗതി വരുത്തും. സഹകരണ മേഖലയിലെ നിക്ഷേപസുരക്ഷ ഉറപ്പുവരുത്തുന്നതിനായി ഒരു "നിക്ഷേപ ഗ്യാരന്റി ബോർഡ്" രൂപീകരിക്കും. അന്താരാഷ്ട്ര സഹകരണ വർഷത്തിനോടനുബന്ധിച്ച് ആധുനിക സൗകര്യങ്ങളോടു കൂടി സഹകരണ വകുപ്പിന്റെ കീഴിലുള്ള വിവിധ ഓഫീസുകൾ പ്രവർത്തിപ്പിക്കുന്നതിനായി തിരുവനന്തപുരത്ത് സഹകരണ സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കും. ക്ഷീര കർഷകർക്ക് സഹകരണ സംഘങ്ങൾ മുഖേന കൂടുതൽ വായ്പ നൽകും. പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമ സഹകരണസംഘങ്ങളെ പുനരുദ്ധരിക്കുന്നതിനായി പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുമായി സഹകരിച്ച് പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കും. എൻ.സി.ഡി.സി. സഹായത്തോടു കൂടി വിനോദസഞ്ചാര പ്രാധാന്യമുള്ള മേഖലകളിൽ സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ ഗസ്റ്റ് ഹൗസുകൾ അടക്കമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തും. എല്ലാ സർവ്വീസ് സഹകരണ സംഘങ്ങളിലേയും മുതിർന്ന പൗരന്മാരായ അംഗങ്ങൾക്ക് സഹ

കരണ ആശുപത്രികൾ മുഖേന കുറഞ്ഞ നിരക്കിൽ “ആരോഗ്യ പരിശോധനാ പദ്ധതി” നടപ്പിലാക്കും. പാലക്കാട്, ഇടുക്കി ജില്ലകളിൽ ഈ വർഷം ICDP നടപ്പിലാക്കും. പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ എന്നിവയുടെ ഓഡിറ്റ് കാലാനുസൃതമാക്കും. സഹകരണ സംഘങ്ങളിലെ ഓഡിറ്റ് ഫീസ് നിരക്കുകൾ കുറയ്ക്കും. സഹകരണ ഓഡിറ്റ് ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി National Standards of Audit സഹകരണ മേഖലയിലും സ്വീകരിക്കും. ആയതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് മാന്വൽ പരിഷ്ക്കരിക്കും. അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് ഏകീകരിച്ചുകൊണ്ട് 3 വർഷത്തിനകം എല്ലാ സഹകരണ സംഘങ്ങളും കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനായി ഇൻഫർമേഷൻ കേരള മിഷൻ (IKM) മാതൃകയിൽ സഹകരണ മേഖലയിൽ ഒരു മിഷൻ ആരംഭിക്കും. ഷെഡ്യൂൾഡ് ബാങ്കുകളിൽ വിദ്യാഭ്യാസ വായ്പയ്ക്ക് ലഭ്യമായിരുന്ന പലിശ സബ്സിഡി സംസ്ഥാന സഹകരണ ബാങ്കിന് ലഭ്യമായിരുന്നില്ല. ഗവൺമെന്റിന്റെ നിരന്തരമായ ഇടപെടലുകൾ മൂലം 2009-2010 സാമ്പത്തികവർഷം മുതൽ സംസ്ഥാന സഹകരണ ബാങ്ക് മുഖേന നാലര ലക്ഷം രൂപയും അതിന് താഴെയും വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് നൽകി വന്നിരുന്ന വിദ്യാഭ്യാസ വായ്പയുടെ പലിശ സബ്സിഡി ബാങ്കിന് ലഭ്യമാകുന്നതിന് അനുവാദം ലഭിക്കുകയുണ്ടായി. ഇതനുസരിച്ച് ഏകദേശം 85 ലക്ഷം രൂപയുടെ പലിശ സബ്സിഡി ബാങ്കിന് ലഭിക്കുന്നതാണ്. തുടർന്നുള്ള വർഷങ്ങളിലും ഇതു തുടരുന്നതാണ്. വിദ്യാഭ്യാസ വായ്പയെ സംബന്ധിച്ചുള്ള പ്രശ്നം തീർന്നിരിക്കുകയാണ്. സഹകരണമേഖലയിലെ സ്വയം സഹായ ഗ്രൂപ്പുകൾ ശക്തിപ്പെടുത്തും. സഹകരണ വായ്പാ മേഖല

യിലെ "നിക്ഷേപ സമാഹരണ ക്യാമ്പയിൻ" ഒരു വർഷത്തിൽ ഒന്നായി നിജപ്പെടുത്തും. കിട്ടാക്കടങ്ങളെ സംബന്ധിച്ചാണ് ഇവിടെ ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി പ്രധാനമായും പറഞ്ഞത്, പ്രത്യേകമായി റബ്കോയുടെ കാര്യം പറഞ്ഞു. ഈ ഗവൺമെന്റ് വന്നതിനുശേഷം റബ്കോയ്ക്ക് യാതൊരു സഹായവും ചെയ്തിട്ടില്ല. റബ്കോ വളരെയധികം കടത്തിലാണ്. സംസ്ഥാന സഹകരണ ബാങ്കിൽനിന്നും മറ്റു സഹകരണ ബാങ്കുകളിൽനിന്നും പണം കടം വാങ്ങിയിട്ടുണ്ട്. ആ കടമൊക്കെ തിരിച്ചു കിട്ടണമെങ്കിൽ അതിന്റെ നിയമവശം നോക്കി അവർ കേസ് കൊടുക്കുകയോ എന്ത് വേണമെങ്കിലും ചെയ്യട്ടെ? അതാണ് അതിനെ സംബന്ധിച്ച് പറയാനുള്ളത്. ഈ രംഗത്ത് സംസ്ഥാന സഹകരണ ബാങ്ക് വളരെയധികം സാമ്പത്തിക പ്രതിസന്ധിയിലാണ്. സംസ്ഥാന സഹകരണ ബാങ്കിന് 400 കോടി രൂപയോളം കൊടുക്കാനുണ്ടെന്ന് ശ്രീ. കെ. ശിവദാസൻ നായർ പറഞ്ഞു കഴിഞ്ഞു. അത് എങ്ങനെ കൈകാര്യം ചെയ്യുമെന്നുള്ളത്.... സ്വത്തുക്കളൊക്കെയുണ്ട്. സഹകരണമേഖലയിലെ സ്വത്ത് വിറ്റ് കടം വീട്ടുക എന്നുള്ള ഒരു തത്വം, അത് അവസാനം മാത്രമേ സ്വീകരിക്കാൻ നിവൃത്തിയുള്ളൂ. ഗവൺമെന്റും ബന്ധപ്പെട്ട ആളുകളുമായി ആലോചിച്ച് ഇതിനെ രക്ഷപ്പെടുത്താൻവേണ്ടി എന്തു ചെയ്യാൻ കഴിയുമെന്ന് ഗൗരവമായി ആലോചിക്കേണ്ടതാണ്. മുൻ സഹകരണ വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരൻ വളരെ സരസമായി സഹകരണമേഖലയെ സംബന്ധിച്ച് പറഞ്ഞു. അദ്ദേഹത്തോട് എനിക്ക് ഒരു കാര്യം പറയാനുള്ളത്, ഞങ്ങൾ കൂട്ടുത്തരവാദിത്തമുള്ള ഒരു ഗവൺമെന്റാണ്. എന്റെ നേതാവ് മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയാണ്. അദ്ദേഹവുമായി ബന്ധപ്പെട്ടാണ് കാര്യങ്ങളൊക്കെ നടത്തുന്നത്. അദ്ദേഹ

ത്തിന്റെ ഓഫീസിൽ മണ്ഡലികളോ ആരുണ്ടെങ്കിലും ശരി, അദ്ദേഹം പറഞ്ഞതെന്താണോ അതനുസരിച്ച് മുന്നോട്ടുപോകും, യാതൊരു തെറ്റിദ്ധാരണയും വേണ്ട. സി.എൻ. ബാലകൃഷ്ണനെ ആ നിലയ്ക്ക് ആരും കാണുകയും വേണ്ട. ഞാൻ ഉത്തരവാദിത്തമുള്ള സ്ഥാനത്ത് ഇരിക്കുന്ന ആളായത് കൊണ്ട് പറയുകയാണ്. അങ്ങ് ചില നല്ല കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ആ നല്ല കാര്യങ്ങൾ തുടർന്നു കൊണ്ടുപോകുകയാണ്. അങ്ങയുടെ ഭരണകാലത്ത് കൺസ്യൂമർഫെഡിലും വിദ്യാഭ്യാസമേഖലയിലും ആതുരശുശ്രൂഷ രംഗത്തും ചെയ്ത നല്ല കാര്യങ്ങളുണ്ട്. അത് നല്ല രീതിയിൽ തുടർന്നുകൊണ്ടുപോകാനാണ് ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അപ്പോൾ തീർച്ചയായിട്ടും അതുപോലുള്ള നിർദ്ദേശങ്ങളും ആ കാര്യങ്ങളൊക്കെയും ഭാവിയിൽ സ്വീകരിക്കുന്നതായിരിക്കുമെന്ന് ഞാൻ അറിയിക്കുകയാണ്. അങ്ങ് വായിച്ച മറ്റുചില കാര്യങ്ങളുണ്ട്, കഴിയുമെങ്കിൽ അതിന്റെ കോപ്പി തന്നാൽ എനിക്കും കൂടി വലിയ ഉപകാരമായിരിക്കും...........അദ്ദേഹം എനിക്കത് തരും. ബഹുമാനപ്പെട്ട മുൻമന്ത്രി ശ്രീ. സി.എഫ്. തോമസ് പറഞ്ഞത് ഇതിന് പ്രചരണം പോരായെന്നാണ്. വളരെയധികം പദ്ധതികളൊക്കെയുണ്ട്........എന്നെ ബുദ്ധിമുട്ടിക്കണ്ട, ഞാൻ പുതിയ ആളാണ് എന്തെങ്കിലും പറഞ്ഞാൽ ഉടനെ ഞാൻ ഇരിക്കും. ഞാൻ അപകടമൊന്നും പറഞ്ഞിട്ടില്ലല്ലോ....... അദ്ദേഹം പറഞ്ഞത് നമുക്ക് പബ്ലിസിറ്റി പോരായെന്നാണ്. നമ്മുടേത് വളരെയധികം പാവപ്പെട്ടവരെ സഹായിക്കുന്ന രംഗമാണ്. അതുപോലെതന്നെ പലിശ കാര്യങ്ങളെ സംബന്ധിച്ചും ഫണ്ടുകളെ സംബന്ധിച്ചും നമുക്ക് പബ്ലിസിറ്റി അത്യാവശ്യമാണ്. അതെല്ലാം നമുക്ക് കൊടുക്കണം. നമ്മുടെ മേഖലയെ സംബന്ധിച്ചിടത്തോളം സഹകരണം ആവശ്യമാണ്. പ്രത്യേകമായി ഏഴാം സഹകരണ കോൺഗ്രസ്, അതിലൂടെ സംസ്ഥാനത്തെ സഹകരണമേഖലയുടെ ശക്തി

തെളിയിക്കണം. ഒരു കാര്യം വളരെ വ്യക്തമായി പറയാം, അതിൽ എല്ലാ വരേയും സഹകരിപ്പിച്ച് മുന്നോട്ട് കൊണ്ടുപോകുന്നതിന് എന്റെ ഭാഗത്തു നിന്ന് എല്ലാ ശ്രമങ്ങളും ഉണ്ടായിരിക്കും അതായിരിക്കും നമ്മുടെ സഹകര ണമേഖലയുടെ ഭാവി കണ്ടുപിടിക്കുന്നത്. അതുപോലെ നല്ലൊരു അന്ത രീക്ഷമായിരുന്നു, അധികമാളുകളൊന്നും വിമർശിച്ചിട്ടില്ല. നല്ലരീതിയിൽ മുന്നോട്ടുകൊണ്ടുപോകുവാൻ നിങ്ങളുടെ എല്ലാ സഹായ സഹകരണ ങ്ങളും അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): സർ, ബഹുമാന്യനായ തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി അവതരിപ്പിച്ച ധനാഭ്യർത്ഥന XXIV-ലാണ് പ്രവാസിക്ഷേമം ഉൾപ്പെടുത്തിയിട്ടുളളത്. രാവിലെ അങ്ങ് ചെയറിൽ ഇല്ലാതി രുന്നപ്പോൾ ഒരു പരാമർശമുണ്ടായി. കാര്യവിവരപ്പട്ടികയിൽ ഇത് സംബന്ധിച്ച ഒരു പരാമർശവുമില്ല എന്ന്. കാരണം ഇപ്പോഴും ഇതിൽകിട ക്കുന്നത് തൊഴിലും തൊഴിലാളിക്ഷേമവുമെന്നാണ്. പക്ഷേ നിയമസഭയുടെ വോട്ടിനുവേണ്ടി സമർപ്പിച്ചിട്ടുളള ധനാഭ്യർത്ഥന ലിസ്റ്റിൽ പറയുന്നത് ഈ ഡിമാന്റിൽ പ്രവാസി മലയാളി ക്ഷേമവകുപ്പുകൂടി ഉൾപ്പെടുമെന്നാണ്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർമാർ ചൂണ്ടിക്കാണിക്കുകയുണ്ടായി ഈ പ്രവാസിക്ഷേമത്തിന് ഒരു ഹെഡ് ഓഫ് അക്കൗണ്ട് ഉണ്ടാക്കാൻപോലും കഴിഞ്ഞില്ലെന്ന്. ആ വിമർശനം പറയുമ്പോൾ ഒന്ന് ആലോചിക്കണം, ഞാൻ മന്ത്രിയായിട്ട് ഒരു കൊല്ലംമാത്രമേ ആയിട്ടുളളൂ. കഴിഞ്ഞ അഞ്ചുകൊല്ലമി രുന്ന മന്ത്രിയും ഇക്കാര്യത്തിൽ ഒരു നടപടിയും സ്വീകരിച്ചില്ല. പക്ഷേ മന്ത്രി

യായതിനുശേഷം 14.10.2011-ൽ ഇതിനാവശ്യമായ നടപടി ഇനിഷ്യേറ്റ് ചെയ്തു. നിലവിലുള്ള ചട്ടപ്രകാരം ധനാഭ്യർത്ഥനകളുടെ നിലവിലുള്ള നാമ കരണങ്ങൾ മാറ്റം വരുത്തുന്നതിന് കൺട്രോളർ ജനറൽ ഓഫ് അക്കൗണ്ട്സിന്റെ അനുമതി ആവശ്യമാണ്. നോർക്ക വകുപ്പിന് പുതിയ മേജർ ഹെഡ് അനുവദിക്കണമെന്നുള്ള മന്ത്രിയുടെ ആവശ്യം സി.ജി.എ.-ക്ക് അയച്ചുകൊടുത്തിട്ടുണ്ട് എന്ന മറുപടി ലഭിച്ചിട്ടില്ല. അതിന് മറുപടി ലഭി ക്കാനും അടുത്ത ഡിമാന്റ് ചർച്ചയിലെങ്കിലും .......

ശ്രീ. പി.കെ. ഗുരുദാസൻ: സർ, തൊഴിലും തൊഴിലാളിക്ഷേമവുമെന്ന വകുപ്പിന്റെ കീഴിലാണ് നോർക്കയും ഈ പ്രവാസിക്ഷേമവുമെല്ലാം വരു ന്നത്. അതിന് പ്രത്യേക ഹെഡ് ഓഫ് അക്കൗണ്ട് ഉണ്ടായിരുന്നു. നിങ്ങൾ പുതിയ ഹെഡ് ഓഫ് അക്കൗണ്ട് വേണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാ നത്തിലാണ് ഈ പ്രശ്നം വന്നത്.

ശ്രീ. കെ.സി. ജോസഫ്: സർ, ഒരു കൊല്ലം അമ്പതിനായിരം കോടി രൂപ അയയ്ക്കുന്ന പ്രവാസികളെ സംബന്ധിച്ച് ഒരു ഹെഡ് ഓഫ് അക്കൗണ്ട് വേണ്ടേ; അത് നിയമസഭ ചർച്ച ചെയ്യണ്ടേ? ഇവിടെ ചർച്ചയിൽ പങ്കെടുത്ത ബഹുമാന്യരായ ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി, ശ്രീ. അബ്ദുറഹി മാൻ രണ്ടത്താണി, ശ്രീ. കെ.വി. അബ്ദുൾ ഖാദർ, ശ്രീ. പി.എ. മാധവൻ, ശ്രീ. കെ. രാജു, ശ്രീ. കെ. ശിവദാസൻ നായർ ഇവരാണ് പ്രവാസിക്ഷേമ കാര്യം പരാമർശിച്ചത്. കേരളത്തിന്റെ സമ്പദ് ഘടനയിൽ പ്രവാസികളുടെ പങ്ക് വലുതാണ്. ഇവിടെ ഏതാണ്ട് ഇപ്പോഴത്തെ കണക്കനുസരിച്ച് സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി പറയുന്നത് 2011-2012-ൽ പ്രവാസികളുടെ നിക്ഷേപം 37,690 കോടി രൂപയായിരുന്നു. ഇപ്പോൾ അത് 48,454 കോടി രൂപ

യാണ് അതായത് അമ്പതിനായിരം കോടി രൂപയാണ്. തിരുവനന്തപുരത്തെ സി.ഡി.എസ്.-ന്റെ പഠനം അനുസരിച്ച് ഏതാണ്ട് മുപ്പത് ലക്ഷം മലയാളികൾ ഗൾഫിലുണ്ട്. അവരെ ബാധിക്കുന്ന കാര്യങ്ങൾ ചർച്ച ചെയ്യാൻ നിയമസഭയ്ക്ക് കഴിയണം. അതുകൊണ്ടുതന്നെയാണ് ഞാൻ പ്രത്യേക ഹെഡ് അതിന് ആവശ്യപ്പെട്ടത്. രാവിലെ ശ്രീ. റ്റി.എൻ. പ്രതാപന്റെ സബ്മിഷനിലുണ്ടായ പരാമർശം ശ്രീ. കെ. രാജു ഇവിടെ ആവർത്തിച്ചു. സർവ്വീസ് ടാക്സിന്റെ കാര്യം, പ്രധാനമന്ത്രി വളരെ ഖണ്ഡിതമായി പറഞ്ഞത്...... കേന്ദ്ര ഗവൺമെന്റിന്റെ അറിയിപ്പുതന്നെ പ്രവാസി മലയാളികൾ അയയ്ക്കുന്ന നിക്ഷേപങ്ങളിൽ ബാങ്കുകൾ ചുമത്തുന്ന കമ്മീഷൻമേലാണ് 12.3 പെർസെന്റ് സർവ്വീസ് ടാക്സ്. ചില മാധ്യമങ്ങളിൽ വന്നത് പ്രവാസികൾ അയയ്ക്കുന്ന പണത്തിന് സർവ്വീസ് ടാക്സ് വാങ്ങിക്കുന്നുവെന്നാണ്. അത് അടിസ്ഥാനരഹിതമാണ്. ആ മാധ്യമങ്ങൾ കാര്യം മനസ്സിലാക്കാതെ റിപ്പോർട്ട് ചെയ്തതാണ്. ധനകാര്യവകുപ്പിൽ നിന്ന് നിർദ്ദേശിച്ചിരിക്കുന്നത് പ്രവാസികൾ അയയ്ക്കുന്ന നിക്ഷേപത്തിനുള്ള ബാങ്കിന്റെ കമ്മീഷനുമേലാണ് ടാക്സ് വരുന്നത് എന്നാണ്. അതുകൊടുക്കേണ്ടത് പ്രവാസിയല്ല ബാങ്കുകാരാണ്. ഇവിടെ വലിയ പ്രശ്നമുള്ളത്, ഗൾഫ് രാജ്യങ്ങളിലെ മലയാളികൾ, .....ഗൾഫ് രാജ്യങ്ങളിൽ എത്ര മലയാളികളുണ്ടെന്ന് ആർക്കും അറിഞ്ഞുകൂട. പല കണക്കുകളും വ്യത്യസ്തമാണ്. സി.ഡി.എസ് പറയുന്നത് 25 ലക്ഷം മുതൽ 30 ലക്ഷം വരെയെന്നാണ്. ചിലത് 40 ലക്ഷമെന്നും പറയുന്നുണ്ട്. ഏതായാലും പ്രവാസികളായി ഗൾഫിൽ ജോലി ചെയ്യുന്ന മലയാളികളുടെ എണ്ണം സംബന്ധിച്ച് ഒരു സർവ്വേ ആവശ്യമാണ്. ഞാൻ ബഹുമാനപ്പെട്ട പഞ്ചായത്ത് വകുപ്പുമന്ത്രിയുമായും നഗരകാര്യ വകുപ്പുമന്ത്രിയുമായും

ഇക്കാര്യം സംസാരിക്കുകയുണ്ടായി ഞങ്ങളുടെ മൂന്ന് വകുപ്പുകളും ചേർന്നുകൊണ്ട് പഞ്ചായത്ത് നഗരസഭ മുഖേന കേരളത്തിലെ എത്ര മലയാളികൾ ഗൾഫിലുണ്ടെന്നതു സംബന്ധിച്ചുള്ള വിശദമായ സർവ്വേ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആ സർവ്വേ ഉടൻ ആരംഭിക്കും. ഇവിടെ പറഞ്ഞ മറ്റൊരു കാര്യം,.......ഒരു കണക്കുവേണ്ടേ; നമ്മളറിയണ്ടേ; എത്ര മലയാളികൾ ഗൾഫിലുണ്ടെന്ന് അറിയണ്ടേ? .....പക്ഷേ പ്രധാനമായും പ്രശ്നങ്ങളുള്ളത് ഗൾഫിലെ മലയാളികൾക്കാണ്. അമേരിക്കയിലോ യൂറോപ്പിലോ ഉള്ള മലയാളികൾക്ക് പ്രശ്നങ്ങളില്ല. നമ്മൾ വളരെ concerned ആകുന്നത് ഗൾഫിലെ മലയാളികളുടെ കാര്യത്തിലാണ്. ഇവിടെ വന്നൊരു പ്രശ്നം എയർ ഇന്ത്യയുടെ കാര്യമായിരുന്നു. സമരം അവസാനിച്ചു വളരെ നല്ലകാര്യമാണ്. ഗൾഫിലെ മലയാളികൾ വരുന്ന സീസണിലാണ് സമരം ആരംഭിച്ചത്. ഇവിടത്തെ എല്ലാ പാർട്ടിക്കാരും ഇക്കാര്യം ഉന്നയിച്ചു. ഞങ്ങൾ പ്രധാനമന്ത്രിയുമായും ഇക്കാര്യം സംസാരിച്ചു. ഇന്നലെ സമരം അവസാനിച്ചു. ഒരു പ്രശ്നമുള്ളത് ഈ സീസണാകുമ്പോൾ ചാർജ് ഈടാക്കുന്നത് വളരെ അധികമാണ്. വിമാനക്കമ്പനികൾ ഗൾഫുകാരെ ചൂഷണം ചെയ്യുന്നത് സീസൺ സമയത്താണ്. വിമാനക്കമ്പനികളുടെ ചാർജ്ജിനൊരു നിയന്ത്രണമില്ല. ഓരോ സമയത്തും ഓരോ ചാർജ്ജാണ്. ഞാൻ രാവിലെ പറഞ്ഞതാണ്, ഒരു വിമാനത്തിൽ യാത്രചെയ്താൽ മൂന്ന് പേർ ഒരു സീറ്റിലിരുന്നാൽ മൂന്ന് ചാർജ്ജാണ്. ഒരു പ്രത്യേക ചാർജ്ജില്ല. ആ രീതി മാറണം. ഗൾഫുകാരെ ചൂഷണം ചെയ്യുന്ന വിമാനക്കമ്പനികൾക്ക് നിയന്ത്രണമുണ്ടാകണം. 2013–ലെ പ്രവാസി ഭാരതീയ ദിവസ് കൊച്ചിയിൽ നടത്താൻവേണ്ടി കേന്ദ്ര പ്രവാസി കാര്യവകുപ്പ് അനുവാദം നൽകിയിട്ടുണ്ട്. 2013 ജനുവരി 7, 8, 9 തീയതിക

ളിലായിരിക്കും സമ്മേളനം നടക്കുന്നത്. ഇതുമായി ബന്ധപ്പെടുത്തി ഒരു ദിവസം പൂർണ്ണമായും ഒരു ഗൾഫ് സെഷൻ നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. ആദരണീയരായ പ്രസിഡന്റും പ്രധാനമന്ത്രിയും സമ്മേളനത്തിൽ പങ്കെടു ക്കുന്നുണ്ട്. ഞാൻ വിശദമായി പറഞ്ഞു പോകുന്നില്ല. ഈ ഗവൺമെന്റ് വന്ന തിനുശേഷം ചെയ്ത കാര്യങ്ങൾ മാത്രം പറയാം. നോർക്കയുടെ സാന്ത്വന പദ്ധതി. സാന്ത്വന പദ്ധതി എന്നുപറഞ്ഞാൽ മടങ്ങിവന്ന പ്രവാസികൾക്കുള്ള ചികിത്സാച്ചെലവ്, മെഡിക്കൽ ഉപകരണങ്ങൾ തുടങ്ങിയവയാണ്, അതിനു വേണ്ടി നൽകിവന്ന സഹായം പതിനായിരം രൂപയായിരുന്നത് ഈ ഗവൺമെന്റ് ഇരുപതിനായിരം രൂപയാക്കി. പ്രവാസി ഇൻഷ്വറൻസ് കാർഡ് നൽകിയിരുന്ന ഇൻഷ്വറൻസ് ആനുകൂല്യം നേരത്തെ ഒരുലക്ഷം രൂപയായി രുന്നത് ഇപ്പോൾ രണ്ടുലക്ഷം രൂപയാക്കി. പ്രവാസികൾക്ക് വേണ്ടിയുള്ള ചികിത്സാ സഹായത്തിനുള്ള ചെയർമാൻ ഫണ്ട് ആനുകൂല്യം 15,000 രൂപ യിൽ നിന്ന് 25,000 രൂപയാക്കി. മറുനാടൻ മലയാളികൾക്കുവേണ്ടി ആദ്യമാ യി ഒരു ഇൻഷ്വറൻസ് പദ്ധതി ആരംഭിച്ചു. അതിൽ രണ്ടുലക്ഷം രൂപയുടെ അപകടമരണ ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ട്. ജില്ലകളിലേയ്ക്ക് നോർക്ക റൂട്ട്സിന്റെ അറ്റസ്റ്റേഷൻ വ്യാപിപ്പിച്ചു. കണ്ണൂരിൽ ആരംഭിച്ചുക ഴിഞ്ഞു, തൃശ്ശൂരും കോട്ടയത്തും ഉടൻ ആരംഭിക്കുന്നുണ്ട്. മലപ്പുറത്ത് പ്രവാ സിക്ഷേമ നിധിയുടെ ഓഫീസ് ആരംഭിച്ചു കഴിഞ്ഞു. വിദേശ മലയാളികളു ടെയും മറുനാടൻ മലയാളികളുടെയും സംശയങ്ങൾക്ക് മറുപടി നൽകുന്ന തിന് ആവശ്യമായ സേവനം നൽകാൻ വേണ്ടി ഒരു ടോൾഫ്രീ നമ്പരോടു കൂടി ഒരു കോൾസെന്റർ ആരംഭിച്ചിട്ടുണ്ട്. ജില്ലകളിൽ മുഴുവൻ സമയവും നോർക്ക റൂട്ട്സ് സെല്ലുകൾ ആരംഭിക്കുന്നതാണ്. മറുനാടൻ മലയാളി

കൾക്കുവേണ്ടി ചെന്നൈയിലും ബാംഗ്ലൂരിലും ബറോഡയിലും നോർക്ക റൂട്ട്സിന്റെ ഓഫീസ് ആരംഭിച്ചുകഴിഞ്ഞു. മടങ്ങിവരുന്ന പ്രവാസികളുടെ റീഹാബിലിറ്റേഷനുവേണ്ടിയുളള സമഗ്രമായ പദ്ധതിക്കുവേണ്ടി 2 കോടിരൂപ വകയിരുത്തിയിട്ടുണ്ട് ഇക്കാര്യം ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ഇവിടെ സൗദി അറേബ്യയിലെ ജയിൽ മോചിതരായ പാവപ്പെട്ട മലയാളികൾ, ശ്രീ. തോമസ് ചാണ്ടിക്ക് അറിയാം അദ്ദേഹമൊരു ഗൾഫ് മലയാളിയാണ് ഗൾഫിലെ ജയിലിൽ എത്ര ഇന്ത്യക്കാരുണ്ടെന്ന് ആർക്കുമറിയില്ല. ഞങ്ങൾ അവിടെപ്പോയി അംബാസിഡറെ കണ്ടു. എത്ര ഇന്ത്യക്കാർ ജയിലിലുണ്ടെന്ന് അറിയില്ല. അവിടെയുളള പ്രശ്നം, ചെറിയ കുറ്റങ്ങളാണ് ഒന്നുകിൽ വിസാ തട്ടിപ്പ്, അല്ലെങ്കിൽ സ്പോൺസർ മാറിയ കാര്യം, അതിനുവേണ്ടി വർഷങ്ങളോളം ജയിലിൽ കഴിയുന്നു. ശിക്ഷാകാലാവധി കഴിഞ്ഞ് ജയിൽ മോചിതരായാൽ തന്നെയും അവർക്ക് മടങ്ങിവരുവാൻ കഴിയുന്നില്ല. ജയിലിൽ കഴിയുന്നവർക്കുവേണ്ടി സമഗ്രമായ ലീഗൽ എയ്ഡ് സെൽ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട് അതിനുവേണ്ടി ബഡ്ജറ്റിൽ 2 കോടിരൂപ മാറ്റിവച്ചിട്ടുണ്ട് ആ പദ്ധതി ഉടനെ ആരംഭിക്കും. അതുമാത്രമല്ല ജയിൽമോചിതരായ മലയാളികൾക്ക് മടങ്ങിവരുന്നതിന് സാമ്പത്തിക ശേഷിയില്ല. അവർക്കുവേണ്ടി സൗജന്യമായ വിമാനടിക്കറ്റ് നൽകാൻ തീരുമാനിച്ചു. അതിനുവേണ്ടി 'സ്വപ്ന സാഫല്യം' പദ്ധതി ഏർപ്പെടുത്തി. അതിനും ബഡ്ജറ്റിൽ പണം വകയിരുത്തിയിട്ടുണ്ട്. പ്രവാസി മലയാളികളുടെ ക്ഷേമകാര്യങ്ങളിൽ സംസ്ഥാന ഗവൺമെന്റ് പ്രത്യേകമായ താൽപ്പര്യം കാണിക്കുന്നുണ്ട്. കാരണം കേരളത്തിന്റെ ഇന്നത്തെ സാമ്പത്തിക ഉന്നമനത്തിന്റെ അടിത്തറ പ്രവാസി മലയാളികളാണ്. വ്യാവസായിക രംഗത്തോ കാർഷിക

രംഗത്തോ വലിയ മാറ്റങ്ങൾ ഉണ്ടാകുന്നില്ല. ഇന്ന് കാണുന്ന പച്ചപ്പും സമൃദ്ധിയുമെല്ലാം പ്രവാസികളുടെ വിയർപ്പിന്റെ വിലയാണ്, അവരുടെ അദ്ധ്വാനത്തിന്റെ വിലയാണ്. അതുകൊണ്ടുതന്നെ അവരുടെ ക്ഷേമ കാര്യങ്ങളിൽ പ്രത്യേകമായ താൽപ്പര്യം കാണിക്കും. തീർച്ചയായും കേരളത്തിലെ മുഴുവൻ സമൂഹത്തിന്റെയും ഉൽക്കണ്ഠ ഇക്കാര്യത്തിൽ എനിക്കറിയാം. അത് കണക്കിലെടുത്തുകൊണ്ട് തന്നെ പ്രവാസി ക്ഷേമപദ്ധതികൾ സജീവമാക്കാൻ സംസ്ഥാന ഗവൺമെന്റ് നടപടി സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. കെ.വി. അബ്ദുൾ ഖാദർ: സർ, ഈ നിയമത്തിൽ ഭേദഗതി വരുത്തുന്നതിനെക്കുറിച്ച് അഭിപ്രായങ്ങൾ ഉയർന്നു വന്നിരുന്നു. ആ നിയമത്തിൽ ചില പോരായ്മകൾ ഉണ്ട്. അതിൽ പെൻഷൻ പ്രായം 55 എന്നാണ്. അത് 60 ആക്കി ഉയർത്തണമെന്നുള്ള ആവശ്യം പൊതുവായിട്ട് ഉയർന്ന് വന്നതാണ്. രണ്ടാമത്, ഇതിൽ ചേരുന്ന ആളുകൾ അടയ്ക്കുന്ന സംഖ്യയും ഇന്ററസ്റ്റും തിരിച്ചുകിട്ടാൻ നിലവിൽ വ്യവസ്ഥ ഇല്ല. അത് കിട്ടുന്നതിന് ഈ നിയമം ഭേദഗതി ചെയ്യുമോ?

ശ്രീ. കെ.സി. ജോസഫ്: നമ്മുടെ സഭയിലുണ്ടായിരുന്ന ബഹുമാനപ്പെട്ട പി.എം.എ. സലാം ആണ് ഈ ബോർഡിന്റെ ചെയർമാൻ. ക്ഷേമനിധിയിൽ ചേരാനുള്ള കാലാവധി 55 വയസ്സാണ്. അത് 60 ആക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിനാവശ്യമായ മാറ്റം ഈ ആക്ടിൽ വരുത്താൻ ഉദ്ദേശിക്കുന്നുണ്ട്. അതുപോലെ തന്നെ അങ്ങ് പറഞ്ഞതുപോലെയുള്ള പ്രശ്നവും പരിഹരിക്കുന്നതായിരിക്കും.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ഈ ധനാഭ്യർത്ഥനയിൽ പങ്കെടുത്ത് വിലയേറിയ നിർദ്ദേശങ്ങൾ തന്ന എല്ലാ അംഗങ്ങളോടുമുളള നന്ദി അറിയിക്കുകയാണ്. മധുവിധുവിനെ തുടർന്നുളള ആദ്യത്തെ ധനാഭ്യർത്ഥന എന്നുളള നിലയിൽ പലരും വെടിക്കെട്ടും മാലപ്പടക്കവും ഒക്കെയാണ് പ്രതീക്ഷിച്ചതെങ്കിലും എല്ലാവരുടേയും പ്രത്യേകിച്ച് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുളള വിമർശനം, ഏറ്റവും ഒടുവിൽ മുൻമന്ത്രിയായ ശ്രീ. പി.കെ. ഗുരുദാസന്റെ നിർദ്ദേശങ്ങൾ കാണുമ്പോൾ മധുവിധുവിനുശേഷവും ഒരു കോട്ടവും തട്ടിയിട്ടില്ല, തീവ്രമായ പ്രണയ ഭാവത്തിൽ തന്നെയാണ് ശ്രീ. പി.കെ. ഗുരുദാസനടക്കമുളളവർ ഇവിടെ പരാമർശിച്ചത്. അമ്മായി അപ്പന്റെയും അമ്മായി അമ്മയുടെയും കുറ്റം പറയുന്ന പോലെ കേന്ദ്രത്തിന്റെ ചില കുറ്റവും ഏറ്റവും ഒടുവിൽ സംസ്ഥാന ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം നല്ല നിലയിൽ കൊണ്ടുപോകുന്നതിനുള്ള ചില ഗുണദോഷങ്ങളുമാണ് പറഞ്ഞത്. പിരിച്ചു വിടുന്ന ഒരു മന്ത്രിയാകരുത് തൊഴിൽ വകുപ്പ് മന്ത്രി എന്ന് അവസാനം പറഞ്ഞതിനെ വളരെ ഗൗരവത്തിൽ ഞാൻ എടുക്കുന്നു. അങ്ങനെ ഒരിക്കലും ഞാൻ ആഗ്രഹിച്ചിട്ടുള്ളതല്ല. ഈ ഗവൺമെന്റ് അധികാരത്തിൽ .വന്നതിനു ശേഷം ആദ്യത്തെ ക്യാബിനറ്റിലെടുത്ത തീരുമാനമാണ് കഴിഞ്ഞ ഗവൺമെന്റ് അവസാന കാലഘട്ടത്തിൽ നടത്തിയ നിയമനങ്ങൾ പുന:പ്പരിശോധിക്കണമെന്ന്. അത് യു.ഡി.എഫിന്റെ ഒരു പൊളിറ്റിക്കൽ ഡിസിഷനാണ്. നിർഭാഗ്യവശാൽ അതിന്റെ പരിമിതിയിൽ നിന്നുകൊണ്ട് പരിശോധിച്ചപ്പോൾ അദ്ദേഹം സൂചിപ്പിച്ചതുപോലെ തന്നെ നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ അല്ലെങ്കിൽ അതിനുശേഷം ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ബോർഡിലെ നിയമനങ്ങൾ പരിശോധിക്കണം. പ്രത്യേകിച്ച്

2006-ൽ വന്ന ഉമാദേവി വേഴ്സസ് സ്റ്റേറ്റ് ഓഫ് കർണ്ണാടക എന്ന സുപ്രധാനമായ സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ഒരു കാരണവശാലും ഒരു നിയമസാധുത ഇല്ല. അദ്ദേഹത്തിന്റെ സദുദ്ദേശത്തെ ഞാൻ ചോദ്യം ചെയ്യുന്നില്ല. പക്ഷേ അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ നിയമിച്ച, മൂന്നു വർഷമെങ്കിലും ആയവർക്ക് സ്ഥിര ജോലി കൊടുക്കുന്നതിന്റെ ഭാഗമായിട്ടാണ് ചെയ്തതെങ്കിൽ അതിൽ ആറുമാസം ആയവർ ഉണ്ടായിരുന്നു എന്നു മാത്രമല്ല, പത്തുവർഷമെങ്കിലും ആകാത്തവരെ സ്ഥിരപ്പെടുത്താൻ സാധിക്കില്ല എന്നാണ് സുപ്രീംകോടതി അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചത്. ആ പശ്ചാത്തലത്തിൽ പിരിച്ചുവിടാതിരിക്കാൻ ഒരു നിവൃത്തിയുമില്ല. ഉമാദേവി വേഴ്സസ് സ്റ്റേറ്റ് ഓഫ് കർണ്ണാടകയുടെ വിധി വന്നതിനെത്തുടർന്ന് പുന:പ്പരിശോധിക്കുമ്പോൾ അത്തരം നിയമനങ്ങൾ കണ്ടില്ല എന്നു നടിച്ചു പോകാൻ സാധിക്കില്ല. എന്റെ സ്ഥാനത്ത് ബഹുമാനപ്പെട്ട പി.കെ. ഗുരുദാസൻ ആണെങ്കിലും ആ നിലപാട് മാത്രമേ കൈക്കൊളളാൻ സാധിക്കുകയുളളു. ഈ ഗവൺമെന്റ് വന്നിട്ട് കൈക്കൊണ്ട നടപടി, തൊഴിൽ രംഗത്തുണ്ടായ ഒരു മാറ്റത്തിന്റെ തെളിവായി ഞാൻ കാണുകയാണ്. ഇവിടെ ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി സംസാരിച്ചപ്പോൾ, ഇന്നലെ കോട്ടയത്ത് ഒരു കൃഷി ഓഫീസർ, തൊഴിലാളികൾ കൂലി കൂടുതൽ ചോദിച്ചതിനെത്തുടർന്ന് വിതരണത്തിനായി കൊണ്ടുവന്ന തെങ്ങിൻതൈകൾ സ്വയമായി ഇറക്കി. അതിന് ആ കൃഷി ഓഫീസർക്ക് ഒരു പാരിതോഷികം കൊടുക്കണമെന്ന് കൃഷി വകുപ്പുമന്ത്രിയോട് അഭ്യർത്ഥിച്ചു. കൊടുത്തോട്ടെ അതിന് കുഴപ്പമില്ല. പക്ഷേ നോക്കുകൂലി എന്നൊരു ശാപം കേരളത്തിൽ അവസാനിച്ചതിന്റെ ഏറ്റവും വലിയ ഉദാഹരണമായിട്ടാണ് ഇന്നലത്തെ സംഭവത്തെ ഞാൻ കാണുന്നത്. കാരണം ആ തൊഴിലാളി സ്വാഭാവികമായിട്ടും അമിതകൂലി

ചോദിച്ചു. തൊഴിലാളികൾക്ക് കൂലി കൂടുതൽ ചോദിക്കാനുളള അവകാശമുണ്ട്. അവർക്കത് പറ്റില്ല എന്നു പറഞ്ഞു. അതിന്റെ പേരിൽ അവിടെ നോക്കുകൂലി തരണം എന്നു പറഞ്ഞു ബഹളം ഉണ്ടാക്കിയില്ല, ക്രമസമാധാന പ്രശ്നം ഉണ്ടാക്കിയില്ല. ആ തൊഴിലാളികൾ ഞങ്ങൾക്ക് ഈ ജോലി ചെയ്യാൻ വയ്യ എന്നു പറഞ്ഞു തിരിച്ചുപോയി. അതൊരു തെറ്റല്ല. ഒരു പുത്തൻ തൊഴിൽ സംസ്കാരം കേരളത്തിൽ വളർന്നു വരുന്നു. ഏറ്റുമുട്ടലിന്റെ പാത ഉപേക്ഷിച്ചു. ഈ ഗവൺമെന്റ് എടുത്ത നിലപാടുകൾ, ട്രേഡ് യൂണിയനുകളുടെ സഹകരണത്തോടെ തന്നെ എടുത്ത നിലപാടുകൾ കേരളത്തിലെ തൊഴിലാളി വർഗ്ഗം അംഗീകരിക്കുന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമായിട്ട് ആ സംഭവത്തെ ഞാൻ കാണുന്നു. ദീർഘമായി പറയാൻ നിവൃത്തിയില്ല. വളരെ ക്രിയാത്മകമായ നിർദ്ദേശങ്ങളായിരുന്നു ശ്രീ. പാലോട് രവിയുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുളളത്. ലേബർ പോളിസിയെക്കുറിച്ചു പറഞ്ഞു. ലേബർ പോളിസിയുടെ കരടുരൂപം പ്രസിദ്ധീകരിച്ചിട്ടുണ്ട്. അവസാനം അന്തിമരൂപം തയ്യാറാക്കാൻ വേണ്ടി 'കില' (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ എംപ്ലോയ്മെന്റ്) യെ ഏൽപ്പിച്ചിരിക്കുകയാണ്. എല്ലാ ട്രേഡ് യൂണിയനുകളെയും പൊളിറ്റിക്കൽ ലീഡേഴ്സിനെയും കൂടെ വിളിച്ച് സമഗ്രമായി, എല്ലാവരുടെയും നിർദ്ദേശങ്ങൾ വാങ്ങിച്ചിട്ടുണ്ട്. അവരുമായിട്ട് ആ ലേബർ പോളിസി പ്രഖ്യാപിക്കുന്നതായിരിക്കും. ഇ.എസ്.ഐ.യുടെ അപര്യാപ്തതയെക്കുറിച്ച് പലരും പരാമർശിച്ചു. ശരിയാണ് ഇ.എസ്.ഐ. മേഖലയിൽ അപര്യാപ്തതയുണ്ട്. ഇല്ല എന്ന് നിഷേധിച്ചിട്ട് കാര്യമില്ല. പ്രത്യേകിച്ച് മുമ്പുണ്ടായിരുന്ന മെയിന്റനൻസിന്റെ സംവിധാനം മാറിയതിനെത്തുടർന്ന് ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ച് ആര് ചെയ്യണമെന്നത്

സംബന്ധിച്ച് ഒരു അവ്യക്തത നിലനിന്നിരുന്നു. ഈ ഗവൺമെന്റ് വന്നതിനു ശേഷം ഒമ്പതേമുക്കാൽ കോടി രൂപയുടെ പദ്ധതി കേന്ദ്രഗവൺമെന്റ് ഇ. എസ്.ഐ. കോർപ്പറേഷന് സമർപ്പിച്ചു. ആദ്യം ഒരു എസ്റ്റിമേറ്റ് എടുത്ത് സമർപ്പിച്ചപ്പോൾ അതുപോരാ ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് കമ്മിറ്റി അംഗീ കരിച്ച എസ്റ്റിമേറ്റ് വേണം എന്നു പറഞ്ഞു. ആ എസ്റ്റിമേറ്റ് രണ്ടാമത് ഹോസ്പിറ്റൽ ഡെവലപ്പ് കമ്മിറ്റിയും നിർമ്മിതിയും കൂടി തയ്യാറാക്കി പുനരു ദ്ധാരണ കേന്ദ്രത്തിൽ കൊടുത്തു. രണ്ടാമത് അവിടെ പോയപ്പോൾ അതു പോരാ, ഇവരുടെ നിർമ്മാണപ്രവർത്തനങ്ങളെല്ലാം ഏൽപ്പിച്ചിരിക്കുന്നത് ഹിന്ദുസ്ഥാൻ ലാറ്റക്സിനെയാണ് അതുകൊണ്ട് അവരുടെ എസ്റ്റിമേറ്റ് വേണം എന്നു പറഞ്ഞു. അങ്ങനെ അതിന്റെ എസ്റ്റിമേറ്റ് വീണ്ടും എടുത്തു. കേന്ദ്രത്തിൽ പോയി അംഗീകാരം വാങ്ങേണ്ടിവന്നതുകൊണ്ടാണ് പ്രശ്നം വന്നത്. പക്ഷേ ഗുരുതരമായ ഒരു പ്രശ്നം ഇ.എസ്.ഐ. മേഖലയിൽ നിൽക്കുന്നത്, ഇവിടെ പലരും ചൂണ്ടി കാണിച്ച ഡോക്ടർമാരുടെ അപര്യാ പ്തതയാണ്. നൂറിലധികം ഡോക്ടർമാരുടെ കുറവാണിപ്പോഴുള്ളത്. പി.എ സ്.സി.യിൽ നിന്ന് പല പ്രാവശ്യം ക്ഷണിച്ചിട്ടും ഈ മേഖലയിൽ, പൊതുവെ ഹെൽത്ത് സർവ്വീസിലേയ്ക്ക് അപേക്ഷകർ വരുന്നില്ല. ആരെ ങ്കിലും വന്നാൽ ആദ്യം ഹെൽത്ത് സർവ്വീസിലേയ്ക്ക് പോകും. പിന്നെ യാണ് ഇ.എസ്.ഐ യിലേയ്ക്ക് വരുന്നത്. ആരും തന്നെ ഇ.എസ്.ഐ.യി ലേയ്ക്ക് വരുന്നില്ല എന്നത് ഗുരുതരമായ ഒരു പ്രശ്നമായി നമ്മുടെ മുമ്പിൽ നിൽക്കുകയാണ്. കോൺട്രാക്ട് അടിസ്ഥാനത്തിൽ അടക്കം നിയമനം നട ത്താനുള്ള പരിശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതാണ് അക്കാര്യത്തെ ക്കുറിച്ച് പറയാനുള്ളത്. ഇൻകം സപ്പോർട്ട് സ്കീമിന്റെ ഒരു വിമർശനം പറ യുകയുണ്ടായി. ശരിയാണ്. കഴിഞ്ഞ ഗവൺമെന്റ് ആരംഭിച്ച ഇൻകം

സപ്പോർട്ട് സ്കീം നല്ല ഒരു സ്കീമാണ്. നല്ലത് നല്ലത് തന്നെ എന്നു പറയുന്ന തിൽ ഒരു മടിയുമില്ല. പക്ഷേ ഇലക്ഷന്റെ തൊട്ടുമുമ്പ് പ്രഖ്യാപിച്ച ഒരു സ്കീം എന്നുള്ള നിലയിൽ ആദ്യത്തെ വർഷംതന്നെ അത് ഫലപ്രദമായി നടപ്പിലാക്കാൻ ആ ഗവൺമെന്റിന് സാധിച്ചില്ല. അത് വിഭാവനം ചെയ്ത നിലയിൽ - അന്ന് ഇലക്ഷൻ ആയതുകൊണ്ടായിരിക്കാം - ചെലവഴിക്കാ നായില്ല. ആ പോരായ്മ കൊണ്ടുതന്നെ കഴിഞ്ഞ വർഷം 80 കോടി രൂപ വച്ചിരുന്നത്, അതിന്റെ തലേ വർഷം ചെലവാക്കിയതെല്ലാം പരിഗണിച്ചു വന്നപ്പോഴേയ്ക്കും വെട്ടിച്ചുരുക്കി 30 കോടി രൂപയാക്കി. അതും ഫലപ്രദ മായി ചെയ്യാൻ സാധിച്ചില്ല. പക്ഷേ ഈ വർഷം ആ തെറ്റുകൾ ഉൾക്കൊണ്ടു കൊണ്ട് ഞങ്ങൾ ഇപ്പോൾത്തന്നെ സ്കീം തയ്യാറാക്കി എല്ലാ ഡിപ്പന്റന്റിനും ഈ വർഷം അനുവദിച്ചിരിക്കുന്ന 75 കോടി രൂപയും ഫലപ്രദമായി ചെലവാ ക്കാൻ വേണ്ടി ഒന്നിൽ കൂടുതൽ മീറ്റിംഗുകൾ നടത്തിക്കൊണ്ട് ഈ സ്കീമു മായി മുന്നോട്ടുപോകുകയാണ്. പി.&.എ.ആർ.ഡി.യുടെ പരിഷ്ക്കര ണത്തെക്കുറിച്ച് ശ്രീ. പാലോട് രവി പറഞ്ഞു. ശരിയാണ്. നിർഭാഗ്യവശാൽ കണക്കുകൾ വച്ച് പറയുന്നത്, തമിഴ്നാടും കർണ്ണാടകവുമായി താരതമ്യം ചെയ്തുകൊണ്ട് കേരളത്തിൽ ലേബർ ഡിപ്പാർട്ടുമെന്റിൽ ആവശ്യത്തിൽ കൂടുതൽ ഉദ്യോഗസ്ഥരാണ് എന്നാണ്. പക്ഷേ കേരളത്തിൽ ഏതോ ഒരു കാലഘട്ടത്തിൽ നിശ്ചയിച്ചിരുന്ന തസ്തികകൾ, അതിൽ നിന്ന് പതിന്മടങ്ങ് ലേബർ എസ്റ്റാബ്ലിഷ്മെന്റ്സ് കൂടിയിട്ടുണ്ട്, ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് കൂടിയിട്ടുണ്ട്. എല്ലാ രംഗത്തും കൂടിയിട്ടുണ്ട്. അവരുടെ തൊഴിൽ ഭാരം വർദ്ധിച്ചിട്ടുണ്ട്. അതിനനുസരിച്ചുള്ള ഒരു വർദ്ധനവ് ഉണ്ടായി ട്ടില്ല. പ്രത്യേകിച്ച് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് പോലുള്ള ഒരു വകു

പ്പിൽ ആയിരത്തിൽ താഴെ ഫാക്ടറികൾ മാത്രം പ്രവർത്തിച്ചിരുന്ന കാലഘട്ടത്തിൽ കേരളത്തിൽ ഉണ്ടായിരുന്ന സ്റ്റാഫ് സ്ട്രെങ്ത് ആണ് ഇന്ന് ഇരുപതിനായിരം ഫാക്ടറികൾ കേരളത്തിൽ ഉള്ളപ്പോഴും ഉള്ളത്. അതൊരു പോരായ്മയായി നിലനിൽക്കുന്നുണ്ട്. അത് പരിഷ്ക്കരിക്കുന്നതിനുള്ള കാര്യം ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി.കെ. ഗുരുദാസൻ: സർ, ഇൻകം സപ്പോർട്ട് സ്കീം എന്നു പറയുന്നത് 2011 –ലെ നിയമസഭാ തെരഞ്ഞെടുപ്പുവിജ്ഞാപനം പുറപ്പെടുവിച്ചതിന്റെ തലേദിവസം പി.&.എ.ആർ.ഡി.യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ശുപാർശകളടക്കം ലേബർ ഡിപ്പാർട്ടുമെന്റും ഫിനാൻസ് ഡിപ്പാർട്ടുമെന്റും കൂടി അംഗീകരിച്ച് ആ ഫയൽ ഫിനാൻസ് മിനിസ്റ്ററുടെ മുമ്പിൽ എത്തിയതാണ്. അത് ഫിനാൻസ് മിനിസ്റ്റർ ഒപ്പിട്ടാൽ മാത്രം മതി.

ശ്രീ. ഷിബു ബേബി ജോൺ: അന്നത്തെ ഫിനാൻസ് മിനിസ്റ്റർ മാറിയല്ലോ? പുതിയ ഫിനാൻസ് മിനിസ്റ്ററല്ലേ വന്നത്. ഇപ്പോൾ 28 എ.എൽ.ഒ.-മാരുടെയും രണ്ട് പി.എൽ.ഒ.(എൻഫോഴ്സ്മെന്റ്)-മാരുടെയും തസ്തിക സൃഷ്ടിക്കാനുള്ള നടപടിയിൽ എത്തി നിൽക്കുകയാണ്. പ്രധാനമായും ഒരു വിഷയം വന്നത്, ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനത്തെ സംബന്ധിച്ചാണ്. ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനത്തിൽ പോരായ്മയുണ്ടെന്നുള്ളതിൽ യാതൊരു സംശയവുമില്ല. മുൻകാലങ്ങളിൽ ക്ഷേമനിധി ബോർഡുകളിൽ സാമ്പത്തിക അരാജകത്വം ആയിരുന്നു നിലനിന്നിരുന്നത്. ഏതെങ്കിലും ഒരു മന്ത്രി വിചാരിച്ചാൽ എല്ലാ ബോർഡുകളുടെയും കാര്യങ്ങൾ കൃത്യമായി നോക്കാൻ കഴിയുമെന്ന കാര്യത്തിലും വിശ്വാസമില്ല. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം പരിശോധിച്ചപ്പോൾ,

പതിനൊന്ന്-പന്ത്രണ്ട് ശതമാനം പലിശ കിട്ടേണ്ടിടത്ത് ഇപ്പോഴും ആറര-ഏഴ് ശതമാനം പലിശയ്ക്കാണ് പല ബാങ്കുകളിലും നിക്ഷേപിച്ചിട്ടുള്ളത്. മാത്ര മല്ല, പ്രൈമറി സംഘങ്ങളിൽപ്പോലും അഞ്ചര ശതമാനം പലിശയ്ക്കു പോലും നിക്ഷേപിച്ച ഉദാഹരണങ്ങൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനുശേഷം ഒരു ഗൈഡ് ലൈൻ കൊടുത്തിട്ട് ഹയസ്റ്റ് റേറ്റ് ക്വാട്ട് ചെയ്യു ന്നവർക്ക് മാത്രം ബിഡ് ചെയ്ത് കൊടുക്കുന്ന ഒരു സിസ്റ്റം ഉണ്ടായി. ആറര/ഏഴ് ശതമാനം കിട്ടിക്കൊണ്ടിരുന്നിടത്ത് ഇപ്പോൾ പത്തര മുതൽ പന്ത്രണ്ട് ശതമാനംവരെയാണ് ഓരോ ബോർഡിനും ലഭിച്ചുകൊണ്ടിരിക്കു ന്നത്. ഇവിടെ ശ്രീ. സി. കൃഷ്ണൻ അടക്കമുള്ളവർ വരുമാനം കുറഞ്ഞു എന്ന് പറഞ്ഞത് തെറ്റാണ്. കഴിഞ്ഞ വർഷത്തെ വരുമാനം നോക്കണം. നിർമ്മാണ മേഖലയിൽ ഇരട്ടിത്തുക പിരിച്ചു. സ്വകാര്യമേഖലയിൽ മുൻകാ ലങ്ങളിൽ പിരിഞ്ഞതിന്റെ ഇരട്ടിത്തുക പിരിച്ചുവെന്ന് മാത്രമല്ല, ഗണ്യമായ വർദ്ധനവ് ഈ മേഖലയിൽ വന്നിട്ടുണ്ട്. പക്ഷേ ആനുകൂല്യങ്ങളുടെ അപ ര്യാപ്തതയെക്കുറിച്ച് പറയുന്നത് നൂറ് ശതമാനവും ശരിയാണ്. അനർഹരാ യിട്ടുള്ള ഒട്ടനവധിപേർ ഇതിൽ കടന്നുവന്നു. ശ്രീ. കെ. ശിവദാസൻ നായർ സൂചിപ്പിച്ചതുപോലെ ഒരു ഭാര്യയും ഭർത്താവുംകൂടി നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആനുകൂല്യം വാങ്ങാൻ വന്നു. രേഖകൾ പരിശോ ധിച്ചപ്പോൾ ഭർത്താവ് എഞ്ചിനീയറും ഭാര്യ വീട്ടമ്മയുമാണ്. അവർ നിർമ്മാ ണത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗമാണ്. ആ നിലയി ലേയ്ക്കാണ് കാര്യങ്ങൾ എത്തിയിരിക്കുന്നത് ഇത് കറക്ട് ചെയ്യണമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഇത് കറക്ട് ചെയ്യാൻ ഈ സഭയുടെ പൂർണ്ണ പിന്തുണ വേണം. കഴിഞ്ഞ ദിവസം റിവ്യൂ നടന്നപ്പോൾ നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ അംഗങ്ങളുടെ എണ്ണം

**ഏകദേശം 20 ലക്ഷം ആയിട്ടുണ്ട്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം പുതുക്കൽ നിറുത്തലാക്കിയെന്നൊക്കെ ഇവിടെ പരാമർശിച്ചുകേട്ടു. നിറുത്തലാക്കാൻ നിർബന്ധിതമായതാണ്. ഇപ്പോഴും ഓരോ ജില്ലയിലും പുതിയതായി നാൽപ്പതിനായിരം പേരും അമ്പതിനായിരംപേരും പുതിയതായി നിർമ്മാണത്തൊഴിലാളിയായി രജിസ്റ്റർ ചെയ്യാൻ നിൽക്കുന്നു എന്ന് പറഞ്ഞാൽ നമുക്ക് അംഗീകരിച്ചുകൊടുക്കാൻ കഴിയുമോ? ഈ 20 ലക്ഷം തൊഴിലാളികൾക്ക് എന്ത് ആനുകൂല്യം കൊടുക്കാൻ കഴിയും? പ്രതിമാസം 20/- രൂപ വച്ചുള്ള സബ്സ്ക്രിപ്ഷൻ തുകപോലും കൃത്യമായി കിട്ടുന്നില്ല. പത്തനംതിട്ടയിൽ പോലീസ് കേസെടുത്തിരിക്കുകയാണ്. ചില സഹകരണ ബാങ്കുകളുമായി അഡ്ജസ്റ്റ് ചെയ്ത് ഇടനിലക്കാർ പണം അടിച്ചുകൊണ്ടുപോകുന്ന ഒരു സാഹചര്യമാണുള്ളത്. പാസ്സ് ബുക്കിൽപോലും വരുന്നില്ല. അതാണ് ഞാൻ സാമ്പത്തിക അരാജകത്വം എന്ന് പറഞ്ഞത്. അങ്ങയുടെ കാലത്തെ കുഴപ്പമെന്നല്ല പറഞ്ഞത്. ഒരു മന്ത്രി വിചാരിച്ചാലും നേരിട്ട് നോക്കാൻ കഴിയില്ല എന്നുള്ളതുകൊണ്ട് പുതിയ ഒരു തീരുമാനം എടുത്തിട്ടുണ്ട്. ഇതെല്ലാം കോ-ഓർഡിനേറ്റ് ചെയ്യാനായി ഒരു അഡീഷണൽ ലേബർ കമ്മീഷണറുടെ തസ്തിക സൃഷ്ടിച്ചുകൊണ്ട് എല്ലാ ക്ഷേമനിധി ബോർഡുകളുടെയും ഉത്തരവാദിത്വം നിരീക്ഷണത്തിൽ കൊണ്ടുവരാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. മാത്രവുമല്ല, അങ്ങയുടെ കാലഘട്ടത്തിലടക്കം ശ്രീനിവാസൻ കമ്മിറ്റിയുടെ ശുപാർശകൾ- ബോർഡുകളുടെ ഏകോപനം- അതാണ് അൺഓർഗനൈസ്ഡ് സെക്ടറിന്റെ ബോർഡിൽ വന്നിരിക്കുന്നത്. അതിനെക്കുറിച്ചും ഇവിടെ പരാമർശം വന്നു. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലഘട്ടത്തിലാണ് കേന്ദ്ര ഗവണ്മെന്റ് ഇത് പാസ്സാക്കിയത്.**

അതിനെത്തുടർന്ന് അങ്ങുതന്നെ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടിനെ ഇത് പഠിക്കാനായി നിയോഗിച്ചിരുന്നു. രണ്ട് വർഷം കഴിഞ്ഞ് ഈ മാർച്ചിലാണ് അതിന്റെ പഠന റിപ്പോർട്ട് തന്നിരിക്കുന്നത്. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് തന്ന റിപ്പോർട്ടനുസരിച്ച് കേരളത്തിൽ ഒരിക്കലും ഇത് നടപ്പാകില്ല. ക്ഷേമനിധികൾ അൺഓർഗനൈസ്ഡ് സെക്ടറിലെ പല വിഭാഗങ്ങൾക്ക് കൊടുത്തതുകൊണ്ട് സമാന സ്വഭാവമുള്ള ക്ഷേമനിധി ബോർഡുകളെല്ലാംകൂടി ഒരു ക്ഷേമനിധി ബോർഡിൽ -അൺ ഓർഗനൈസ്ഡ് ബോർഡിൽ- അങ്ങ് രൂപീകരിച്ച ഈ ബോർഡിന്റെ കീഴിൽ കൊണ്ടുവന്ന് ഫലപ്രദമായ പ്രവർത്തനങ്ങൾ നടത്തണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശിച്ചപ്രകാരം ഇതിലെ അനർഹരെ ഒഴിവാക്കാം. സാമ്പത്തികമായ പ്രശ്നങ്ങളും തെറ്റായ ഇടപാടുകളും അവസാനിപ്പിക്കുമെന്ന് ഈ ഗവണ്മെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. ഈ സഭയുടെ പൂർണ്ണ പിന്തുണ വേണമെന്ന് മാത്രമേ ഉള്ളൂ. അടുത്ത ഏപ്രിൽ ഒന്നു മുതൽ ക്ഷേമനിധി ബോർഡിലെ എല്ലാ അംഗങ്ങളുടെയും എല്ലാ ആനുകൂല്യവും ബാങ്കുവഴി മാത്രം കൊടുക്കാനുള്ള ഒരു സംവിധാനത്തിലേയ്ക്ക് ഈ ഗവണ്മെന്റ് പോകുകയാണ്. സഭയുടെ പൂർണ്ണ പിന്തുണ വേണമെന്ന് പറയാൻ കാരണം അനർഹരായവരെ തിരുകിക്കയറ്റിയതും തെറ്റായ പ്രവണത കൊണ്ടുനടന്നതും ഒക്കെ ചെയതത് ട്രേഡ് യൂണിയന്റെ നേതാക്കളായിരിക്കും. അവരൊക്കെ സംഘടിതമായി ഇതിനെ എതിർക്കും. നല്ല രീതിയിൽ കൊണ്ടു പോകണമെങ്കിൽ ഇനി അനർഹരെ തിരുകിക്കയറ്റുന്ന പ്രവണത ഉണ്ടാകില്ല. അതിന് എല്ലാപേരുടെയും പിന്തുണ ഉണ്ടെങ്കിൽ ഏപ്രിൽ ഒന്നുമുതൽ ആ സംവിധാനം നിലവിൽ വരും. പിന്നെയുള്ള വലിയ പ്രശ്നം നഴ്സിംഗ് മേഖലയാണ്. എനിക്കൊരു കാര്യത്തിൽ സന്തോഷമുണ്ട്. ഈ ഗവണ്മന്റ് വന്നതിനുശേഷമാണ് നഴ്സിംഗ് മേഖലയിലെ പ്രശ്നങ്ങളെക്കു

റിച്ച് ഈ സഭയിൽ ഒരു ചർച്ചയെങ്കിലും വരുന്നത്. തൊള്ളായിരത്തിൽചില്വാനം സ്വകാര്യ ആശുപത്രികൾ ഇൻസ്പെക്ട് ചെയ്യുകയും അതെല്ലാം വെബ്സൈറ്റിൽ കൊടുക്കുകയും ചെയ്തു. എല്ലാ പരിശോധനയും സുതാര്യമായിത്തന്നെ വെബ്സൈറ്റിൽ കൊടുത്തു. വിരലിലെണ്ണാവുന്ന ആശുപത്രികളൊഴിച്ച് ബാക്കി ഒരിടത്തും മിനിമം വേജസ് കൊടുക്കുന്നില്ലായിരുന്നു. ഞാൻ അക്കാര്യത്തിൽ എന്റെ മുൻഗാമിയെയൊന്നും കുറ്റപ്പെടുത്തുന്നില്ല. അത് മാത്രമല്ല, ട്രേഡ് യൂണിയനുകൾ ഇക്കാര്യത്തിൽ എവിടെപ്പോയി എന്ന ചോദ്യം നമ്മുടെ മുന്നിലുണ്ട്. കേരളത്തിൽ ഇത്തരത്തിൽ നിയമനിഷേധം നടക്കുന്നത് എങ്ങനെയെന്ന ചോദ്യം നമ്മുടെ മുമ്പിലുണ്ട്. എല്ലാ മേഖലയിലുമുണ്ട്, അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്നവർ നടത്തുന്ന ആശുപത്രികളിലും അതുണ്ടായിരുന്നു. എന്നാൽ ഈ ഗവണ്മെന്റ് ഇച്ഛാശക്തിയോടുകൂടി പ്രവർത്തിച്ചതുകൊണ്ട് ശ്രദ്ധയിൽപ്പെട്ട എല്ലായിടത്തും മിനിമം വേജസ് നടപ്പിലാക്കിയിട്ടുണ്ട്. അതിനെത്തുടർന്നാണ് ബലരാമൻ കമ്മിറ്റിയുടെ റിപ്പോർട്ട് വന്നത്. മുൻ തൊഴിൽ വകുപ്പുമന്ത്രി സംസാരിച്ചപ്പോൾ വളരെ നിസ്സാരമായി, എന്തുകൊണ്ടാണ് അത് രണ്ട് മാസമായിട്ടും നടപ്പിലാക്കാത്തതെന്ന് ചോദിച്ചു. അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ ഒരു കാര്യം നോട്ടിഫിക്കേഷൻ റൂട്ടാണ്. അല്ലെങ്കിൽ മിനിമം വേജസ് കമ്മിറ്റിയെ ഏൽപ്പിക്കണം. കമ്മിറ്റി റൂട്ടിൽ പോകുന്നില്ല. ആരോഗ്യവകുപ്പിൽ നിന്ന് നിശ്ചയിച്ച ബലരാമൻ കമ്മിറ്റിയുടെ ശുപാർശകൾ എന്തുകൊണ്ട് നടപ്പിലാക്കിയില്ല എന്നാണ് ചോദിച്ചത്. ഈ മേഖലയിൽ മിനിമം വേജസ് നോട്ടിഫിക്കേഷൻ നടത്തുമ്പോൾ നഴ്സുമാരുടേത് മാത്രം നോട്ടിഫൈ ചെയ്യാൻ കഴിയുമോ? ആ മേഖലയിലെ എല്ലാ എംപ്ലോയിസിന്റെയും വേജ് പുതുക്കേണ്ടതല്ലേ? അങ്ങയുടെ കാലഘട്ടത്തിൽ നിശ്ചയിച്ച മിനിമം വേജസ് മൂന്ന്

വർഷം പ്രാബല്യം തികഞ്ഞതുതന്നെ ഈ മേയ് 31-നാണ്. അതിന് മുമ്പായി ത്തന്നെ ഇൻഡസ്ട്രിയൽ റിലേഷൻ കമ്മിറ്റി രൂപീകരിച്ചിരുന്നു. എനിക്കും ഈ ഗവണ്മെന്റിനും കയ്യടി നേടാൻ വളരെ എളുപ്പമാണ്. ഞങ്ങൾ ബലരാമൻ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കി, ഇവിടെ നോട്ടിഫിക്കേഷൻ നടത്തുന്നു, അഭിപ്രായ സമന്വയമില്ല എന്നൊക്കെ പറഞ്ഞാൽ മതി. അവർ കോടതിയിൽ പോകും, അത് എടുത്തുകളയും പഴയസ്ഥിതിയിൽ നിൽക്കും. നമ്മൾ നടപ്പിലാക്കിയതായി പേര് കിട്ടും. ഈ ഗവണ്മെന്റിന്റെ പരിശ്രമം അതല്ല. അഭിപ്രായ സമന്വയം ഉണ്ടാകണം. ഇൻഡസ്ട്രിയിൽ റിലേഷൻ കമ്മിറ്റി തീരുമാനിച്ചത് മിനിമം വേജസ് നടപ്പിലാക്കാൻ വേണ്ടിയല്ല. അത് ഈ മേഖലയിൽ ഇതുവരേയും ഉണ്ടായിരുന്നില്ല. ഈ മേഖലയിലെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ പ്രാപ്തമായിട്ടുള്ള ഒരു ബോഡി - സീനിയർ ട്രേഡ് യൂണിയൻ ലീഡേഴ്സ് അടക്കമുള്ളവർ ചേർന്നുള്ള ഒരു ബോഡി - അവരുടെ മുമ്പിലേയ്ക്ക് ബലരാമൻ കമ്മിറ്റിയുടെ ശുപാർശകൾ വച്ചിരിക്കുകയാണ്. ചർച്ച ചെയ്ത് അഭിപ്രായ സമന്വയമുണ്ടാക്കി മൂന്ന് മാസത്തിനകം തരണമെന്നാണ് പറഞ്ഞത്. ഇവിടെ ആരോ പരിഹസിച്ചതുപോലെ പതിനെട്ട് ശുപാർശകളിൽ പതിനാറും അംഗീകരിച്ചു. ഏറ്റവും പ്രധാനപ്പെട്ട, ദുഷ്കരമായ, ശമ്പളത്തെക്കുറിച്ചുള്ളതിന്റെ ചർച്ചകൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

<u>ശ്രീ. സി.കെ. സദാശിവൻ:</u> സർ, ഹൗസ് ബോട്ട് മേഖലയിൽ മിനിമം വേജസ് നടപ്പിലാക്കിയിട്ടില്ല. ഈ മേഖലയിലെ പണിമുടക്ക് ഒഴിവാക്കണമെന്ന അങ്ങേയറ്റത്തെ ആഗ്രഹം തൊഴിലാളികൾക്കുണ്ട്. അതുകൊണ്ട് ആ മേഖലയിൽ മിനിമം വേജസ് നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുമോ?

കഴിഞ്ഞ ദിവസം മുതലാളിമാർ പണി മുടക്കി. ആയിരക്കണക്കിന് ഹൗസ് ബോട്ടുകളാണ് കോട്ടയം, ആലപ്പുഴ ജില്ലകളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. മിനിമം വേജസ് പോലും ലഭിക്കാത്ത ആയിരക്കണക്കിന് തൊഴിലാളികളുണ്ട്. അവർക്ക് മിനിമം വേജസ് നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ഷിബു ബേബി ജോൺ:</u> ബഹുമാനപ്പെട്ട എം.എൽ.എ. തന്നെ ഇടപെട്ട് ആ പ്രശ്നം പരിഹരിച്ചു. മിനിമം വേജസിന്റെ കാര്യം ശ്രദ്ധയിൽപ്പെടുത്തി. അത് തീർച്ചയായും പരിഹരിക്കാം. അദ്ദേഹം ഇടപെട്ട് അവിടെ നടന്ന സമരം അവസാനിപ്പിച്ചു.

<u>ശ്രീ. ജോസഫ് വാഴക്കൻ</u> : സർ, നഴ്സിംഗ് മേഖലയുടെ കാര്യം നേരത്തെ ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നതാണ്. നഴ്സുമാരെ സംബന്ധിച്ചിടത്തോളം വിദേശത്ത് ജോലി തേടി നഴ്സിംഗ് പാസ്സായി വരുന്നവരാണ് അധികംപേരും. അവർക്ക് ട്രെയിനിംഗ് എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് പ്രധാന പ്രശ്നമാണ്. ഇവിടെ വന്നിരിക്കുന്ന വിഷയം ഒരു സ്ഥലത്തും ഇവർക്ക് ട്രെയിനിംഗ് കൊടുക്കാൻ ആരും തയ്യാറാകുന്നില്ല. ഒരു വർഷം അവർക്ക് ഒരു സ്റ്റൈപ്പന്റ് തുക കൊടുത്ത് ട്രെയിനിംഗ് കൊടുക്കാനുള്ള തീരുമാനം ഗവൺമെന്റ് ഒഫിഷ്യലായിട്ട് എടുക്കണം. ഇത് നിയമാനുസൃതമാക്കിയെങ്കിൽ മാത്രമേ അവർക്ക് ഇപ്പോൾ എക്സപീരിയൻസ് സർട്ടിഫിക്കറ്റ് കിട്ടൂ എന്നതാണ് അവസ്ഥ.

<u>ശ്രീ. ഷിബു ബേബിജോൺ</u> : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം ശരിയാണ്. ഇതിന്റെ ആദ്യത്തെ സമഗ്ര യോഗം കൂടിയപ്പോൾ ഒരു വർഷം ട്രെയിനിംഗ് അനുവദിക്കാൻ തീരുമാനിച്ചു. സ്റ്റൈപ്പന്റ് എന്നുള്ള നിലയിൽ, ഡി.എ. ഇല്ലാത്ത മിനിമം വേജസ് സ്റ്റൈപ്പന്റായി ഫിക്സ് ചെയ്യാ

നാണ് ആദ്യത്തെ യോഗത്തിൽ തീരുമാനിച്ചത്. ആ മേഖലയിൽ സമരം ചെയ്തവരെ, എല്ലാ അവകാശങ്ങളും നിഷേധിക്കപ്പെട്ട ഒരു സമൂഹമെന്നുള്ള നിലയിൽ, ഞാൻ കുറ്റം പറയുകയില്ല. നിർഭാഗ്യവശാൽ ചില സമരങ്ങളൊക്കെ അല്പം അതിർവരമ്പുകൾ കടന്നുപോയിയെന്നുള്ള താണ് വസ്തുത. അതിന്റെ ഭാഗമായി ഒരു വർഷം ട്രെയിനിംഗുള്ളവരെ പ്പോലും സ്ഥിരപ്പെടുത്തണം എന്ന ആവശ്യം ഉയർന്നുവന്നുവെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അത് ഭയന്ന് ഇനിമുതൽ ഒരു വർഷം ട്രെയിനിംഗ് കൊടു ക്കാൻ പറ്റില്ലെന്ന നിലപാട് മാനേജുമെന്റുകൾ സ്വീകരിച്ചു. കാരണം ട്രെയി നിംഗ് കൊടുത്തുകഴിഞ്ഞാൽ അവരെ സ്ഥിരപ്പെടുത്തണമെന്നുള്ള ആവശ്യം വരുന്നു, സമരം വരുന്നു എന്നു പറഞ്ഞുകൊണ്ട് നിലപാട് എടുത്തിരിക്കുക യാണ്. കഴിഞ്ഞ ദിവസം ഐ.ആർ.സി. ചർച്ച ചെയ്തപ്പോൾ ആ വിഷയവും ചർച്ച ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. ഇപ്പോൾ ട്രെയിനിംഗ് നിഷേധിക്കപ്പെടുന്നു, സാധാരണ വീടുകളിലെ, കുടുംബങ്ങ ളിലെ കുട്ടികൾക്കാണ് അവസരം നിഷേധിച്ചിരിക്കുന്നത്. അത് കർക്കശമായ നിലപാട് കൈക്കൊണ്ട് മുന്നോട്ട് പോകും.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : സർ, നഴ്സുമാരെപ്പോലെതന്നെ പ്രയാസ മുള്ള ഒരു മേഖലയാണ് അൺഎയ്ഡഡ് സ്ക്കൂളുകളിലെ അദ്ധ്യാപക രുടേത്. മിനിമം വേജസിന്റെ നേർപകുതിപോലും ലഭിക്കാതെ പതിനായിരക്ക ണക്കിന് ചെറുപ്പക്കാർ ജോലി ചെയ്യുന്ന ഒരു മേഖലയാണ്. ആ മേഖലയു മായി ബന്ധപ്പെട്ട് ഗവൺമെന്റ് എന്തെങ്കിലും ആലോചിച്ചിട്ടുണ്ടോ?

ശ്രീ. ഷിബു ബേബിജോൺ : സർ, ഞാൻ അതിലേയ്ക്ക് വരുന്നുണ്ട്. അത് നിർഭാഗ്യവശാൽ ലേബർ എന്ന നിർവ്വചനത്തിന്റെ കീഴിലുള്ള എംപ്ലോ യിസായിട്ട് വരില്ലയെന്നൊരു സുപ്രീംകോടതി വിധിയുണ്ട്. അതിന്റെ ഒരു

പോരായ്മയുണ്ട്. പക്ഷേ ആ പ്രശ്നം പരിഹരിക്കുന്നതിലേയ്ക്ക് വരുന്നുണ്ട്.

ശ്രീമതി ഇ.എസ്.ബിജിമോൾ : സർ, നഴ്സിംഗ് മേഖലയുമായി ബന്ധപ്പെട്ട് ഉണ്ടായ സമരങ്ങളിൽ അങ്ങ്തന്നെ ചില ഹോസ്പിറ്റലുകളിൽ സമരം ചെയ്ത നഴ്സുമാരുമായി ബന്ധപ്പെട്ട് ചർച്ച വിളിക്കുകയും എഗ്രിമെന്റുകളുണ്ടാക്കുകയും ചെയ്തു. എന്നാൽ ഈ എഗ്രിമെന്റുകളിൽ നിന്ന് മനേജുമെന്റുകൾ ഏകപക്ഷീയമായി പുറകോട്ട് പോകുന്ന സാഹചര്യമുണ്ട്. പലയിടത്തും വീണ്ടും സമരങ്ങൾ ആവർത്തിക്കുകയും സമരം ചെയ്ത പെൺകുട്ടികളടക്കമുള്ളവർവീണ്ടും പീഡിപ്പിക്കപ്പെടുകയും ചെയ്യുന്നു. അവർ താമസിച്ചുകൊണ്ടിരുന്ന ഹോസ്റ്റലടക്കം പൊളിച്ചുകളഞ്ഞ് കഠിനയാതന അനുഭവിക്കുന്ന സാഹചര്യമുണ്ട്. ഗവൺമെന്റ് ഉണ്ടാക്കിയ എഗ്രിമെന്റ് നടപ്പിലാക്കുന്നതിന് ഗവൺമെന്റ് മുൻകൈ എടുക്കുമോ?

ശ്രീ. ഷിബു ബേബിജോൺ : സർ, എഗ്രിമെന്റ് വയലേഷനൊക്കെ കാലാകാലങ്ങളായി നടന്നിട്ടുള്ളതാണ്. അതൊരു ഒറ്റപ്പെട്ട സംഭവമല്ല. ഇടപെടാവുന്നതിലൊക്കെ ഇടപ്പെട്ട് പരിഹരിക്കുന്നുണ്ട്. ഈ പറയുന്നതുപോലെയുള്ള വലിയ വയലേഷനൊന്നുമില്ല. ചില്ലറ കാര്യങ്ങളിലാണുള്ളത്. സമരത്തിലേർപ്പെടുന്നവരുടെ പരിചയക്കുറവ് കാര്യമായിട്ടുണ്ട്. നഴ്സിംഗ് മേഖലയെ സംബന്ധിച്ചിടത്തോളം എല്ലാവരുടേയും സഹകരണത്തോടുകൂടി നമുക്ക് ബലരാമൻ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കണം. അതുകൊണ്ടാണ് എല്ലാവരുടേയും സഹകരണം വേണമെന്നു പറഞ്ഞത്.

ശ്രീ. എ.കെ.ബാലൻ : സർ, ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട ഒരു പ്രശ്നമായിരുന്നു പത്രമാധ്യമ മേഖലയിലെ വിതരണക്കാരും ഏജന്റുമാരും

നടത്തിയ സമരം. ഏതെങ്കിലും രൂപത്തിൽ അവരുടെ പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. ഷിബു ബേബിജോൺ : ബഹുമാനപ്പെട്ട എ.കെ. ബാലനൊക്കെ മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, കൃത്യമായി ലേബറിന്റെ അധികാരപരിധിയിൽ വരുന്നതല്ലെങ്കിലും ഒരു സാമൂഹിക പ്രശ്നമെന്നുള്ള നിലയിൽ അന്ന് ഇടപെട്ടെങ്കിലും ഒരു പരിഹാരം കണ്ടെത്താൻ കഴിഞ്ഞില്ല. തീർച്ചയായിട്ടും ആ മേഖലയിലെ ട്രേഡ് യൂണിയനുകളും മാനേജുമെന്റുകളുംകൂടി പരിഹാരം കണ്ടെത്താൻ സാധിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

ശ്രീ. പി.റ്റി.എ. റഹീം : സർ, തൊഴിലില്ലായ്മ വേതനം വാങ്ങുന്നവരെ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് നടത്തുന്നതിന് എന്തെങ്കിലും പരിഷ്ക്കാരം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ? ഇപ്പോൾ തൊഴിലില്ലായ്മ വേതനം വാങ്ങുന്നതു മുഴുവൻ പ്രൈവറ്റ് ബസ്സിലെ കണ്ടക്ടർമാരും ഡ്രൈവർമാരുമൊക്കെയാണ്. അതിന് എന്തെങ്കിലും ഒരു പരിഹാരമുണ്ടാക്കണം.

ശ്രീ. ഷിബു ബേബിജോൺ : സർ, ഞാൻ അതിലേയ്ക്ക് വരാം. നഴ്സിംഗ് മേഖലയിൽ ഹെൽത്ത് കെയറിന്റെ കോസ്റ്റ് കൂടാതെ നോക്കേണ്ട ഉത്തരവാദിത്തം സർക്കാരിനുണ്ട്. ഇന്ന് സ്വകാര്യമേഖലയെ സാധാരണക്കാർ ധാരാളമായി ആശ്രയിക്കുന്നുണ്ട്. അതുകൊണ്ട് ഈ മേഖലയിൽ ഒരു ഗണ്യമായ വർദ്ധനവ് വരണമെന്ന് നമ്മൾ ആഗ്രഹിക്കുമ്പോഴും അതുകാരണം സാധാരണ ജനങ്ങൾക്ക് താങ്ങാനൊക്കാത്ത നിലയിലേയ്ക്ക് ഹെൽത്ത് കെയർ പോകാതെ നോക്കേണ്ട ഉത്തരവാദിത്തംകൂടിയുള്ളതുകൊണ്ടാണ് നമുക്ക് എടുത്തുചാടി നടപ്പിലാക്കാൻ പറ്റാത്തത്. അതുകൊ

ണ്ടാണ് അഭിപ്രായ സമന്വയം ഉണ്ടാക്കാൻ പരിശ്രമിക്കുന്നത്. പ്ലാന്റേഷൻ മേഖലയെക്കുറിച്ച് ശ്രീ. പി.കെ.ഗുരുദാസൻ ഇവിടെ പരാമർശിച്ചു, ബഡ്ജറ്റിൽ 50 ലക്ഷമെന്ന് ശ്രീ. കെ.എം. മാണിസാർ പറഞ്ഞെങ്കിലും യഥാർത്ഥത്തിൽ 5 കോടി രൂപ നീക്കി വച്ചിട്ടുണ്ടായിരുന്നു. അതുകൊണ്ടുതന്നെ ഇത്രയുംകാലം ഈ ഇനത്തിലേയ്ക്ക് തുക ഉണ്ടായിരുന്നില്ല. പ്ലാന്റേഷൻ മേഖലയിലെ പ്രശ്നം ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഒരു സാമൂഹ്യ പ്രശ്നമാണ്. ലയത്തിനുള്ളിൽ ഭാര്യയും ഭർത്താവും അച്ഛൻ, അപ്പൂപ്പൻ തുടങ്ങി എല്ലാവരുംകൂടി കഴിഞ്ഞിരുന്ന ഒരു സാഹചര്യം ഇപ്പോൾ മാറി. മാത്രമല്ല അവർ ആ മേഖലയിൽ നിൽക്കാൻ ഇഷ്ടപ്പെടാതെ തമിഴ്നാട്ടിലേയ്ക്ക് തിരിച്ചു പോകുന്നു, മൈഗ്രേഷനുണ്ടാകുന്നു. പുത്തൻ തലമുറ വിദ്യാഭ്യാസപരമായി മുന്നിൽ പോകുന്നു. അതുകൊണ്ട് അവർ ഇന്നും ഭൂരഹിതരാണ്. അവരെ ഹൗസിംഗ് പോളിസി വഴി ഭൂഉടമകളാക്കി മാറ്റാൻ സാധിക്കുമോ ഇല്ലയോ എന്നുള്ള ഒരു പരിശ്രമമാണ് ഗവൺമെന്റ് നടത്തുന്നത്. അതിനുവേണ്ടിയാണ് ബഡ്ജറ്റിൽ അഞ്ച് കോടി രൂപ മാറ്റിവച്ചിരിക്കുന്നത്. അറ്റ്ലീസ്റ്റ് ബെറ്റർ ഹൗസിംഗ് എന്നൊരു കൺസെപ്ടിലേയ്ക്ക് പോകും. മറ്റൊന്ന് എസ്റ്റേറ്റിന്റെ പുറത്ത് കൊണ്ടുപോയി വീട് വച്ചുകഴിഞ്ഞാൽ എസ്റ്റേറ്റിനകത്തെ ജോലിക്ക് അവരെ കിട്ടില്ല എന്നൊരു പ്രശ്നമുണ്ട്. അതെല്ലാംകൂടി പരിഗണിച്ചുകൊണ്ട് ബെറ്റർ ഹൗസിംഗ് എന്നൊരു കൺസെപ്ട് നടപ്പിലാക്കുന്നതിന് ആദ്യ വർഷം അഞ്ച് കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇവിടെ ചൂണ്ടിക്കാണിക്കപ്പെട്ട മറ്റൊരു വിഷയം എൻഫോഴ്സുമെന്റിന്റെ പോരായ്മയാണ്. ശ്രീ. എ. എ. അസീസ് പറഞ്ഞ കശുവണ്ടി മേഖലയിലെ കാര്യമുൾപ്പെടെ എല്ലാവരും പറഞ്ഞു. ശരിയാണ്, എൻഫോഴ്സുമെന്റിന്റെ പോരായ്മയുണ്ട്. അത് കൊണ്ടുവരുന്നതിനുമുമ്പേ

ഒരു കാര്യം തീരുമാനിച്ചിട്ടുണ്ട്, കുറച്ച് ആഴ്ചകൾക്ക് മുമ്പുതന്നെ ഒരു പുതിയ എൻഫോഴ്സുമെന്റ് സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ടായിരുന്നു. പുതുതായി വന്നിരിക്കുന്നത് സംസ്ഥാന റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറുടെ (ആർ.ജെ.എൽ.സി.) നേതൃത്വത്തിൽ കേന്ദ്ര ഏജൻസികളായ ഇ.എസ്.ഐ.യുടെയും പ്രോവിഡന്റ് ഫണ്ടിന്റെയും ഫാക്ടറീസ് ആന്റ് ബോയിലേഴ്സിന്റെയും കൂടിച്ചേർന്നുള്ള സംയുക്ത എൻഫോഴ്സുമെന്റ് സ്ക്വാഡാണ്. പലഭാഗത്തും തൊഴിൽ നിയമങ്ങൾക്ക് പുല്ലുവില കൽപ്പിച്ചുകൊണ്ട് അല്ലെങ്കിൽ ഇതൊക്കെ നിസ്സാരമായി കാണാം എന്ന് കണ്ടുകൊണ്ട് പോകുന്നത് അവസാനിപ്പിക്കാൻവേണ്ടി ഇങ്ങനെ ഒരു സംയുക്ത സ്ക്വാഡ് പോകുമ്പോൾ ചിലപ്പോൾ ലേബറിന് തരുന്ന റിക്കാർഡ്സായിരിക്കില്ല ഇ.എസ്.ഐ.ക്ക് കൊടുക്കുന്നത്. ഇ.എസ്.ഐ.ക്ക് കൊടുക്കുന്നതായിരിക്കില്ല പി.എഫ്.-ന് കൊടുക്കുന്നത്. കേന്ദ്ര ഏജൻസിയുമായി കോ-ഓർഡിനേറ്റ് ചെയ്തുകൊണ്ട് ശക്തമായ എൻഫോഴ്സുമെന്റിന്റെ ഒരു സംവിധാനം ആരംഭിച്ചിട്ടുണ്ട്. അതുവഴി ഇപ്പോഴുള്ള നിയമനിഷേധം ഒട്ടനവധി അവസാനിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. സ്കിൽ ഡെവലപ്മെന്റിന്റെ കാര്യത്തിൽ ഈ സർക്കാർ ഒന്നും ചെയ്തില്ലെന്ന് ശ്രീ. പി.കെ. ഗുരുദാസൻ പറയുകയുണ്ടായി. അത് അദ്ദേഹം തെറ്റായി കാര്യങ്ങൾ ധരിച്ചതുകൊണ്ടാണ്. സ്കിൽ ഡെവലപ്മെന്റിന് ഏറ്റവും അധികം ഫോക്കസ് കൊടുത്തിട്ടുണ്ട്. ചവറയ്ക്കുവേണ്ടി മാത്രം ഉദ്ദേശിച്ചതല്ല കേരള അക്കാദമി ഓഫ് സ്കിൽസ് എക്സലൻസ്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സ്കിൽ ഡെവലപ്മെന്റ് മിഷൻ എന്ന ഒരു സംവിധാനമുണ്ട്. അതിന് കീഴിൽ ചീഫ് സെക്രട്ടറി ചെയർമാനും ലേബർ സെക്രട്ടറി കൺവീനറും എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ് ഡയറക്ടർ സ്പെഷ്യൽ ആഫീസറുമായിട്ടുള്ള കേരള അക്കാ

ദമി ഓഫ് സ്കിൽസ് എക്സലൻസ് എന്നൊരു കമ്പനി രൂപീകരിച്ചിരിക്കുകയാണ്. ആ കമ്പനിയുടെ കീഴിൽ അദ്ദേഹം സൂചിപ്പിച്ചതുപോലെ തന്നെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനടക്കം  അല്ലെങ്കിൽ നിർമ്മാണ മേഖലയിലെ കൺസ്ട്രക്ഷൻസ് അക്കാദമി അടക്കമുള്ളവയുണ്ട്. നമ്മൾ സ്മാർട്ട് സിറ്റിയുമായി  എം.ഒ.യു.യിൽ ഒപ്പിടാൻ പോവുകയാണ്. അവിടെ ഒരു ഐ.ടി. ആന്റ് ഐ.ടി. റിലേറ്റഡ് ബാങ്കിംഗ് സർവ്വീസിന്റെ, സ്കിൽഡ് എക്സലൻസിന്റെ, അങ്ങനെ വ്യത്യസ്തമായ എല്ലാ മേഖലയിലുമുള്ള സ്കിൽഡ് അപ്ഗ്രഡേഷനുൾപ്പെടുത്തിക്കൊണ്ട് ഒരു സ്കിൽഡ് അക്കാദമി തുടങ്ങാനും അതിന്റെ സബ്സെന്റേഴ്സായിട്ട് കേരളത്തിന്റെ എല്ലാ ഐ.ടി.ഐ.കളും ഉപയോഗിക്കാനുമാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. വർക്കല കഹാർ : സർ, ഇവിടെ എൻഫോഴ്സ്മെന്റിന്റെ കാര്യം പറഞ്ഞു. എല്ലാ രംഗങ്ങളിലും പ്രഖ്യാപിക്കുന്ന മിനിമം വേജസ് ലഭിക്കാതിരിക്കുന്നതിനും അതുപോലെ നിയമലംഘനം വ്യാപകമായി നടക്കുന്നതിനും ഒരു കാരണം തൊഴിൽ വകുപ്പിന്റെ ജോലിയിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു ഭാഗമായ എൻഫോഴ്സ്മെന്റിന്റെ കുറവുതന്നെയാണ്. ഇതിനുള്ള ഏറ്റവും പ്രധാനപ്പെട്ട കാരണം പത്ത് വർഷങ്ങൾക്കുമുമ്പുള്ള സ്റ്റാഫ് മാത്രമാണ് ഇന്നും ലേബർ ഡിപ്പാർട്ടുമെന്റിലുള്ളത്. സ്ഥാപനങ്ങളുടെ എണ്ണം പത്തിരട്ടിയായി,  പ്രശ്നങ്ങൾ പത്തിരട്ടിയായി. അതുകൊണ്ട് അതിനാവശ്യമായ രീതിയിലുള്ള സ്റ്റാഫും മറ്റ് സംവിധാനങ്ങളും ഇല്ലെങ്കിൽ എൻഫോഴ്സ്മെന്റെന്നുള്ളത് പ്രഹസനമായി മാറും. അത് കഴിഞ്ഞ ഗവൺമെന്റും ചെയ്തില്ല. അങ്ങ് ഇത് ശ്രദ്ധിക്കുമോ?

ശ്രീ. ഷിബു ബേബിജോൺ : സർ, തീർച്ചയായിട്ടും ശ്രദ്ധിക്കും. ഞാൻ മാത്രം ശ്രദ്ധിച്ചാൽ പോര, മാണിസാർ കടാക്ഷിക്കുകയും വേണം. അത്

ചെയ്യുമെന്ന് വിശ്വസിക്കുന്നു. സ്കിൽഡ് ഡെവലപ്മെന്റ് ഒരു ഭാഗം, മറുഭാഗത്ത് 1150-ൽപ്പരം കോഴ്സുകൾ ഐഡന്റിഫൈ ചെയ്തിട്ടുണ്ട്. വൊക്കേഷണൽ ട്രെയിനിംഗ് പ്രൊവൈഡേഴ്സ് എന്ന് പറഞ്ഞ് കേന്ദ്ര ഗവൺമെന്റിൽ നമ്മൾ പദ്ധതി സമർപ്പിക്കുകയാണ്. എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും ഇവിടെ സൂചിപ്പിച്ചതുപോലെ ഇനിമുതൽ എംപ്ലോയബിലിറ്റി സെന്റേഴ്സായി മാറും. ആ എംപ്ലോയബിലിറ്റി സെന്റേഴ്സ് ഗവൺമെന്റിന്റെ പൈലറ്റ് പ്രോജക്ടാണ്. അക്കാര്യത്തിൽ ഒരു വിട്ടുവീഴ്ചയുമില്ല. ഐ.ടി. ഐ.കളിലാണെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മാറ്റി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ അംഗങ്ങളെ എല്ലാം തന്നെ അവരുടെ സ്കിൽ കണ്ടെത്തി പ്രൈവറ്റ് സെക്ടറിലേയ്ക്ക് ട്രെയിൻ ചെയ്തു കൊടുക്കുന്ന പദ്ധതികളാവുകയാണ്. മൈഗ്രന്റ് വർക്കേഴ്സിന്റെ കാര്യം ഇവിടെ പറഞ്ഞു. ജനുവരി 1 മുതൽ നിർബന്ധമായും അവരുടെ രജിസ്ട്രേഷൻ ഉണ്ടായേ പറ്റൂ എന്നുള്ള നിലയിലേയ്ക്ക് ഒരു സമീപനം കൈക്കൊണ്ട് പോകുകയാണ്. കൺസ്ട്രക്ഷൻ മേഖലയിലുള്ളവരെല്ലാം അത് സമ്മതിച്ചുകഴിഞ്ഞു. ജനുവരി 1 മുതൽ രജിസ്ട്രേഷൻ ഉള്ളവരെ മാത്രമേ ആ മേഖലയിൽ പണിയെടുപ്പിക്കുകയുള്ളു എന്ന് കൺസ്ട്രക്ഷൻ മേഖലയിലുള്ളവർ അംഗീകരിച്ചു കഴിഞ്ഞിട്ടുണ്ട്. മറ്റ് മേഖലയിലേയ്ക്ക്കൂടി ഈ അംഗീകാരം വാങ്ങിയെടുക്കാനും ആവശ്യമെങ്കിൽ ഇന്റർസ്റ്റേറ്റ് മൈഗ്രന്റ് വർക്കേഴ്സ് രജിസ്ട്രേഷൻ ആന്റ് സർവ്വീസ് കണ്ടീഷൻസ് ആക്ട് എന്ന നിയമം കൊണ്ടുവരാനും തീരുമാനിച്ചിട്ടുണ്ട്. ഗവൺമെന്റിന്റെ സ്വപ്നം നാല് വർഷം കഴിയുമ്പോൾ കേരളത്തിലെ എല്ലാ മേഖലയിലുള്ള തൊഴിലാളികൾക്കും അവരുടെ വേതനം ബാങ്ക് വഴി ലഭിക്കുന്ന വേജ് പ്രൊട്ടക്ഷൻ സിസ്റ്റം എന്ന പ്രക്രിയയിലേയ്ക്ക് പോകുകയാണ്. അതിന്റെ ആദ്യപടിയെന്നുള്ള നിലയിൽ ഏഴ് സെക്ടർ

ഐഡന്റിഫൈ ചെയ്തിട്ടുണ്ട്. അതിൽപ്പെട്ടതാണ് ശ്രീ. പി. ശ്രീരാമകൃഷ്ണൻ പറഞ്ഞ അൺ എയ്ഡഡ് എജ്യൂക്കേഷൻ സെക്ടർ. അതിലും ആദ്യത്തെ മുഴുവൻ ബാങ്ക് വഴി കൊടുക്കുന്ന സംവിധാനം നിർബന്ധമാക്കാൻ പോകുകയാണ്. അതിനും റെഗുലേഷൻ കൊണ്ടുവരാൻ ആഗ്രഹിക്കുന്നുണ്ട്. ഈ ഡിമാന്റുകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ - XXIV– തൊഴിലും തൊഴിലാളിക്ഷേമവും

മി. സ്പീക്കർ: സർവ്വശ്രീ എ.കെ. ബാലൻ, എളമരം കരീം, പി.കെ. ഗുരുദാസൻ, കെ. രാധാകൃഷ്ണൻ, കെ.വി. അബ്ദുൾ ഖാദർ, ഇ. ചന്ദ്രശേഖരൻ, കെ. രാജു, വി. ശശി, ചിറ്റയം ഗോപകുമാർ, ജി.എസ്. ജയലാൽ, എ.എ. അസീസ്, എ.കെ. ശശീന്ദ്രൻ, കെ. ദാസൻ, എം. ഹംസ, ഇ.പി. ജയരാജൻ, സി. കൃഷ്ണൻ, കെ. കുഞ്ഞമ്മത് മാസ്റ്റർ, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) കെ.കെ. നാരായണൻ, പുരുഷൻ കടലുണ്ടി, പി.ടി.എ. റഹീം, ആർ. രാജേഷ്, സി.കെ. സദാശിവൻ, സാജു പോൾ, ബി. സത്യൻ, എസ്. ശർമ്മ, പി. ശ്രീരാമകൃഷ്ണൻ, കെ. സുരേഷ് കുറുപ്പ്, കെ.വി. വിജയദാസ്, പ്രൊഫ. സി. രവീന്ദ്രനാഥ്, ശ്രീമതിമാർ പി. അയിഷാ പോറ്റി, കെ.കെ. ലതിക, ഗീതാഗോപി, കെ.എസ്. സലീഖ, എന്നീ അംഗങ്ങൾ XXIV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ......................

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2012 -2013 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .................

പ്രതികൂലിക്കുന്നവർ ..................

ശ്രീ. സി. ദിവാകരൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസമദ് സമദാനി
6. ശ്രീ. കെ. അച്ചുതൻ
7. ശ്രീ. ടി. എ. അഹ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. എ. പി. അനിൽകുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. കെ. ബാബു
13. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

14. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
15. ശ്രീ. വി. ടി. ബൽറാം
16. ശ്രീ. പി. കെ. ബഷീർ
17. ശ്രീ. ബെന്നി ബെഹനാൻ
18. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
19. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
20. ശ്രീ. കെ. ബി. ഗണേഷ് കുമാർ
21. ശ്രീ. എ. റ്റി. ജോർജ്
22. ശ്രീ. പി. സി. ജോർജ്
23. ശ്രീ. ഹൈബി ഈഡൻ
24. ശ്രീമതി പി. കെ. ജയലക്ഷ്മി
25. ഡോ. എൻ. ജയരാജ്
26. ശ്രീ. കെ. സി. ജോസഫ്
27. ശ്രീ. പി. ജെ. ജോസഫ്
28. ശ്രീ. ജോസഫ് വാഴക്കൻ
29. ശ്രീ. വർക്കല കഹാർ
30. ശ്രീ. കെ. എൻ. എ. ഖാദർ
31. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
32. ശ്രീ. റ്റി. യു. കുരുവിള
33. ശ്രീ. ലൂഡി ലൂയിസ്
34. ശ്രീ. പി. എ. മാധവൻ
35. ശ്രീ. സി. മമ്മൂട്ടി
36. ശ്രീ. കെ. എം. മാണി
37. ശ്രീ. കെ. പി. മോഹനൻ
38. ശ്രീ. സി. മോയിൻകുട്ടി
39. ശ്രീ. മോൻസ് ജോസഫ്
40. ശ്രീ. സി. പി. മുഹമ്മദ്
41. ശ്രീ. ആര്യാടൻ മുഹമ്മദ്
42. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

43. ഡോ. എം. കെ. മുനീർ
44. ശ്രീ. കെ. മുരളീധരൻ
45. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
46. ശ്രീ. ഉമ്മൻ ചാണ്ടി
47. ശ്രീ. അടൂർ പ്രകാശ്
48. ശ്രീ. റ്റി. എൻ. പ്രതാപൻ
49. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
50. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
51. ശ്രീ. പാലോട് രവി
52. ശ്രീ. റോഷി അഗസ്റ്റിൻ
53. ശ്രീ. വി. പി. സജീന്ദ്രൻ
54. ശ്രീ. എൻ. ശക്തൻ
55. ശ്രീ. വി. ഡി സതീശൻ
56. ശ്രീ. ഷാഫി പറമ്പിൽ
57. ശ്രീ. കെ. എം. ഷാജി
58. ശ്രീ. എൻ. ഷംസുദീൻ
59. ശ്രീ. ആർ. സെൽവരാജ്
60. ശ്രീ. ഷിബു ബേബി ജോൺ
61. ശ്രീ. കെ. ശിവദാസൻ നായർ
62. ശ്രീ. വി. എസ്. ശിവകുമാർ
63. ശ്രീ. സണ്ണി ജോസഫ്
64. ശ്രീ. സി. എഫ്. തോമസ്
65. ശ്രീ. തോമസ് ഉണ്ണിയാടൻ
66. ശ്രീ. പി. ഉബൈദുള്ള
67. ശ്രീ. എം. ഉമ്മർ
68. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
69. ശ്രീ. എം. എ. വാഹീദ്
70. ശ്രീ. എം. പി. വിൻസെന്റ്
71. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. അജിത്
4. ശ്രീ. എ. എം. ആരിഫ്
5. ശ്രീ. എ. എ. അസീസ്
6. ശ്രീ. ബാബു എം. പാലിശ്ശേരി
7. ശ്രീ. എ. കെ. ബാലൻ
8. ശ്രീമതി ഇ. എസ്. ബിജിമോൾ
9. ശ്രീ. എം. ചന്ദ്രൻ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. വി. ചെന്താമരാക്ഷൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15. ശ്രീമതി ഗീതാ ഗോപി
16. ശ്രീ. ചിറ്റയം ഗോപകുമാർ
17. ശ്രീ. പി. കെ. ഗുരുദാസൻ
18. ശ്രീ. എം. ഹംസ
19. ശ്രീമതി ജമീലാ പ്രകാശം
20. ശ്രീ. ജെയിംസ് മാത്യു
21. ഡോ. കെ. ടി. ജലീൽ
22. ശ്രീ. ജി. എസ്. ജയലാൽ
23. ശ്രീ. ഇ. പി. ജയരാജൻ
24. ശ്രീ. ജോസ് തെറ്റയിൽ
25. ശ്രീ. എളമരം കരീം
26. ശ്രീ. സി. കൃഷ്ണൻ
27. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
28. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

29. ശ്രീ. കോവൂർ കുഞ്ഞുമോൻ
30. ശ്രീമതി കെ. കെ. ലതിക
31. ശ്രീ. സി. കെ. നാണു
32. ശ്രീ. കെ. കെ. നാരായണൻ
33. ശ്രീ. എ. പ്രദീപ്കുമാർ
34. ശ്രീ. പുരുഷൻ കടലുണ്ടി
35. ശ്രീ. കെ. രാധാകൃഷ്ണൻ
36. ശ്രീ. പി. റ്റി. എ. റഹീം
37. ശ്രീ. ആർ. രാജേഷ്
38. ശ്രീ. റ്റി. വി. രാജേഷ്
39. ശ്രീ. കെ. രാജു
40. ശ്രീ. രാജു എബ്രഹാം
41. ശ്രീ. മുല്ലക്കര രത്നാകരൻ
42. പ്രൊഫ. സി. രവീന്ദ്രനാഥ്
43. ശ്രീ. സി. കെ. സദാശിവൻ
44. ശ്രീ. സാജു പോൾ
45. ശ്രീമതി കെ. എസ്. സലീഖ
46. ശ്രീ. എസ്. ശർമ്മ
47. ശ്രീ. വി. ശശി
48. ശ്രീ. എ. കെ. ശശീന്ദ്രൻ
49. ശ്രീ. ബി. സത്യൻ
50. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
51. ശ്രീ. ജി. സുധാകരൻ
52. ശ്രീ. വി. എസ്. സുനിൽകുമാർ
53. ശ്രീ. കെ. സുരേഷ് കുറുപ്പ്
54. ശ്രീ. തോമസ് ചാണ്ടി
55. ഡോ. ടി. എം. തോമസ് ഐസക്
56. ശ്രീ. ഇ. കെ. വിജയൻ
57. ശ്രീ. കെ. വി. വിജയദാസ്

<u>മി. സ്പീക്കർ</u>: അനുകൂലിക്കുന്നവർ - 71

പ്രതികൂലിക്കുന്നവർ - 57

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ - XXVII– സഹകരണം

<u>മി. സ്പീക്കർ</u>: സർവ്വശ്രീ എ.കെ. ബാലൻ, എളമരം കരീം, പി.കെ. ഗുരുദാസൻ, കെ. രാധാകൃഷ്ണൻ, കെ.വി. അബ്ദുൾ ഖാദർ, ഇ. ചന്ദ്രശേഖരൻ, കെ.രാജു, വി. ശശി, ചിറ്റയം ഗോപകുമാർ, ജി.എസ്. ജയലാൽ, എ.എ. അസീസ്, എ.കെ. ശശീന്ദ്രൻ, കെ. ദാസൻ, എം. ഹംസ, ഇ.പി. ജയരാജൻ, സി. കൃഷ്ണൻ, കുഞ്ഞമ്മത് മാസ്റ്റർ, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), കെ. കുഞ്ഞിരാമൻ (ഉദുമ), കെ.കെ. നാരായണൻ, പുരുഷൻ കടലുണ്ടി, പി.ടി.എ. റഹീം, ആർ. രാജേഷ്, പ്രൊഫ. സി. രവീന്ദ്രനാഥ്, സി.കെ. സദാശിവൻ, സാജു പോൾ, ബി. സത്യൻ, എസ്. ശർമ്മ, പി. ശ്രീരാമകൃഷ്ണൻ, കെ. സുരേഷ് കുറുപ്പ്, കെ.വി. വിജയദാസ്, കെ.ടി. ജലീൽ ശ്രീമതിമാർ പി. അയിഷാ പോറ്റി, കെ.കെ. ലതിക, ഗീതാഗോപി, കെ.എസ്. സലീഖ, എന്നീ അംഗങ്ങൾ XXVII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ......................

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥ നയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2012–2013 സാമ്പ ത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണ മെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .................

പ്രതികൂലിക്കുന്നവർ ..................

<u>ശ്രീ. സി. ദിവാകരൻ:</u> സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

<u>അനുകൂലിക്കുന്നവർ:</u>

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രത്താണി
5. ശ്രീ. എം. പി. അബ്ദുസമദ് സമദാനി
6. ശ്രീ. കെ. അച്ചുതൻ
7. ശ്രീ. ടി. എ. അഹ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. എ. പി. അനിൽകുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. കെ. ബാബു
13. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
14. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
15. ശ്രീ. വി. ടി. ബൽറാം
16. ശ്രീ. പി. കെ. ബഷീർ

17. ശ്രീ. ബെന്നി ബെഹനാൻ
18. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
19. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
20. ശ്രീ. കെ. ബി. ഗണേഷ് കുമാർ
21. ശ്രീ. എ. റ്റി. ജോർജ്
22. ശ്രീ. പി. സി. ജോർജ്
23. ശ്രീ. ഹൈബി ഈഡൻ
24. ശ്രീമതി പി. കെ. ജയലക്ഷ്മി
25. ഡോ. എൻ. ജയരാജ്
26. ശ്രീ. കെ. സി. ജോസഫ്
27. ശ്രീ. പി. ജെ. ജോസഫ്
28. ശ്രീ. ജോസഫ് വാഴക്കൻ
29. ശ്രീ. വർക്കല കഹാർ
30. ശ്രീ. കെ. എൻ. എ. ഖാദർ
31. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
32. ശ്രീ. റ്റി. യു. കുരുവിള
33. ശ്രീ. ലൂഡി ലൂയിസ്
34. ശ്രീ. പി. എ. മാധവൻ
35. ശ്രീ. സി. മമ്മൂട്ടി
36. ശ്രീ. കെ. എം. മാണി
37. ശ്രീ. കെ. പി. മോഹനൻ
38. ശ്രീ. സി. മോയിൻകുട്ടി
39. ശ്രീ. മോൻസ് ജോസഫ്
40. ശ്രീ. സി. പി. മുഹമ്മദ്
41. ശ്രീ. ആര്യാടൻ മുഹമ്മദ്
42. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
43. ഡോ. എം. കെ. മുനീർ
44. ശ്രീ. കെ. മുരളീധരൻ
45. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

46. ശ്രീ. ഉമ്മൻ ചാണ്ടി
47. ശ്രീ. അടൂർ പ്രകാശ്
48. ശ്രീ. റ്റി. എൻ. പ്രതാപൻ
49. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
50. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
51. ശ്രീ. പാലോട് രവി
52. ശ്രീ. റോഷി അഗസ്റ്റിൻ
53. ശ്രീ. വി. പി. സജീന്ദ്രൻ
54. ശ്രീ. എൻ. ശക്തൻ
55. ശ്രീ. വി. ഡി സതീശൻ
56. ശ്രീ. ഷാഫി പറമ്പിൽ
57. ശ്രീ. കെ. എം. ഷാജി
58. ശ്രീ. എൻ. ഷംസുദീൻ
59. ശ്രീ. ആർ. സെൽവരാജ്
60. ശ്രീ. ഷിബു ബേബി ജോൺ
61. ശ്രീ. കെ. ശിവദാസൻ നായർ
62. ശ്രീ. വി. എസ്. ശിവകുമാർ
63. ശ്രീ. സണ്ണി ജോസഫ്
64. ശ്രീ. സി. എഫ്. തോമസ്
65. ശ്രീ. തോമസ് ഉണ്ണിയാടൻ
66. ശ്രീ. പി. ഉബൈദുളള
67. ശ്രീ. എം. ഉമ്മർ
68. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
69. ശ്രീ. എം. എ. വാഹീദ്
70. ശ്രീ. എം. പി. വിൻസെന്റ്
71. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി

3. ശ്രീ. കെ. അജിത്

4. ശ്രീ. എ. എം. ആരിഫ്

5. ശ്രീ. എ. എ. അസീസ്

6. ശ്രീ. ബാബു എം. പാലിശ്ശേരി

7. ശ്രീ. എ. കെ. ബാലൻ

8. ശ്രീമതി ഇ. എസ്. ബിജിമോൾ

9. ശ്രീ. എം. ചന്ദ്രൻ

10. ശ്രീ. ഇ. ചന്ദ്രശേഖരൻ

11. ശ്രീ. വി. ചെന്താമരാക്ഷൻ

12. ശ്രീ. കെ. ദാസൻ

13. ശ്രീ. ബി. ഡി. ദേവസ്സി

14. ശ്രീ. സി. ദിവാകരൻ

15. ശ്രീമതി ഗീതാ ഗോപി

16. ശ്രീ. ചിറ്റയം ഗോപകുമാർ

17. ശ്രീ. പി. കെ. ഗുരുദാസൻ

18. ശ്രീ. എം. ഹംസ

19. ശ്രീമതി ജമീലാ പ്രകാശം

20. ശ്രീ. ജെയിംസ് മാത്യു

21. ഡോ. കെ. ടി. ജലീൽ

22. ശ്രീ. ജി. എസ്. ജയലാൽ

23. ശ്രീ. ഇ. പി. ജയരാജൻ

24. ശ്രീ. ജോസ് തെറ്റയിൽ

25. ശ്രീ. എളമരം കരീം

26. ശ്രീ. സി. കൃഷ്ണൻ

27. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

28. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

29. ശ്രീ. കോവൂർ കുഞ്ഞുമോൻ

30. ശ്രീമതി കെ. കെ. ലതിക

31. ശ്രീ. സി. കെ. നാണു

32. ശ്രീ. കെ. കെ. നാരായണൻ

33. ശ്രീ. എ. പ്രദീപ്കുമാർ
34. ശ്രീ. പുരുഷൻ കടലുി
35. ശ്രീ. കെ. രാധാകൃഷ്ണൻ
36. ശ്രീ. പി. റ്റി. എ. റഹീം
37. ശ്രീ. ആർ. രാജേഷ്
38. ശ്രീ. റ്റി. വി. രാജേഷ്
39. ശ്രീ. കെ. രാജു
40. ശ്രീ. രാജു എബ്രഹാം
41. ശ്രീ. മുല്ലക്കര രത്നാകരൻ
42. പ്രൊഫ. സി. രവീന്ദ്രനാഥ്
43. ശ്രീ. സി. കെ. സദാശിവൻ
44. ശ്രീ. സാജു പോൾ
45. ശ്രീമതി കെ. എസ്. സലീഖ
46. ശ്രീ. എസ്. ശർമ്മ
47. ശ്രീ. വി. ശശി
48. ശ്രീ. എ. കെ. ശശീന്ദ്രൻ
49. ശ്രീ. ബി. സത്യൻ
50. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
51. ശ്രീ. ജി. സുധാകരൻ
52. ശ്രീ. വി. എസ്. സുനിൽകുമാർ
53. ശ്രീ. കെ. സുരേഷ് കുറുപ്പ്
54. ശ്രീ. തോമസ് ചാണ്ടി
55. ഡോ. ടി. എം. തോമസ് ഐസക്
56. ശ്രീ. ഇ. കെ. വിജയൻ
57. ശ്രീ. കെ. വി. വിജയദാസ്

<u>മി. സ്പീക്കർ</u>: അനുകൂലിക്കുന്നവർ – 71

പ്രതികൂലിക്കുന്നവർ – 57

നിഷ്പക്ഷത പാലിക്കുന്നവർ – ആരുമില്ല

**പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.**

**സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.**

(2012 **ജൂലൈ മാസം** 5-**ാം തീയതി രാവിലെ** 8.30 **ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകിട്ട്** 3.35-**ന് പിരിഞ്ഞു.**)

*** * * * * * * * * ***